Demand XXIV-Rural Development
and
Demand XXVIII-Community Development Projects, National Extension Service and Local Development Works

Minister for Industries and Local Administration (**Shri K. A. Damodara Menon**) : Sir, I move that Government be granted a sum of Rs. 53,49,700 under Demand XXIV—Rural Development.

Minister for Law and Revenue (**Shri T. A. Thomman**): Sir, I second it.

Shri K. A. Damodara Menon: Sir, I move that Government be granted a sum of Rs. 2,63,28,200 under Demand XXVIII-Community Development Projects, National Extension Service and Local Development Works.

Shri T. A. Thomman : Sir, I second it.

Mr. Speaker : Cut motions No. 2 by Shri P. K. Narayanan Nambiar, 5 by Shri E. P. Gopalan and No. 7 by Shri K. Moideenkutty Haji may be moved under Demand XXIV Rural Development.

Shri P. K. Narayanan Nambiar : Sir, I move to reduce the allotment of Rs. 53,49,700 under Demand XXIV by Rs. 10.

Shri E. P. Gopalan : Sir, I move to reduce the total allotment of Rs. 53, 49, 700 under Demand XXIV by Rs. 100.

Shri K. Moideenkutty Haji : Sir, I move to reduce the total allotment of Rs. 53,49,700 under Demand XXIV by Rs. 100.

Mr. Speaker : Cut motion No. 5 by Shri K. Moideenkutty Haji and 6 by Shri P. Ravindran under Demand XXVIII-Community Development Projects, National Extension Service and Local Development Works, may be moved.

Shri K. Moideenkutty Haji : Sir, I move to reduce the total allotment of Rs. 2, 63,28,200 under Demand XXVIII by Rs. 100.

Shri P. Ravindran : Sir, I move to reduce the total allotment of Rs. 2,63,28,200 under Demand XXVIII by Rs. 100.

Mr. Speaker : I call upon Shri K. Krishnan to initiate the discussion.

ശ്രീ. കെ. കൃഷ്ണൻ : സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണു്. നമ്മുടെ സ്റ്റേററിൽ ഒന്നാമതായി ആരംഭിച്ചിട്ടുള്ള മാട്ടി പർച്ചേസു് ടൈബൽബ്ലോക്കിനെ അനാഥമാക്കിത്തീർത്ത ഈ ഗവണ്മെൻറിൻറെ നയത്തിൽ ശക്തിയായ പ്രതിഷേധം എനിക്കുണ്ടു്. ഈ സ്റ്റേററിൽ ഇനിയും ടൈബൽ ബ്ലാക്കുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടെന്നാണു് ഗവണ്മെൻറു് പറയുന്നതു്. ആദ്യമായി ആരംഭിച്ചിട്ടുള്ള ഈ ടൈബൽ ബ്ലാക്കു് എന്തിനാണു് ആരംഭിച്ചിട്ടുള്ളതെന്നു ഇനിയും മനസ്സിലാകാത്ത ഒരു നിലയാണു് ഇന്നുള്ളതു്.

11 A. M.]

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കുഞ്ഞൻ]

സർ, ഈ ബ്ലോക്ക് മഠംട്ടിപട്ടി ബ്ലോക്കായതുകൊണ്ട് അട്ടപ്പാടി ഡവലപ്പ്മെൻറ് സ്കീം ഇതിൻെറ പരിധിയിൽപ്പെടുന്നതാണെന്നു പറയുന്നു. അട്ടപ്പാടിയിൽ ആരംഭിച്ചിട്ടുള്ള മുക്കാളി പൈലറ്റ് പ്രോജക്ട് ഇതിൻെറ പരിധിയിൽപ്പെടുമെന്നും പറയുന്നു. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഈ ബ്ലാക്കിൻെറ ഒന്നാംഘട്ടത്തിലേക്ക് 145 ലക്ഷം രൂപാ ചെലവാക്കാനുള്ളതിൽ ഇതുവരെയായി ചെലവാക്കിയിട്ടുള്ളതു് 15 ശതമാനംപോലും വരുകയില്ല. അട്ടപ്പാടി ഡവലപ്പ്മെൻറ് സ്കീമിനു് 120 ലക്ഷം രൂപ മൂന്നാംപദ്ധതിക്കാലത്തു ചെലവാക്കേണ്ടതാണു്, അതിനു ഈ കൊല്ലത്തെ ബഡ്ജറ്റിൽ വകയിരുത്തിയ സംഖ്യ കൂടികണക്കാക്കുകയാണെങ്കിൽ 18 ലക്ഷം രൂപയാണു് ചെലവാക്കാൻവേണ്ടി പോകുന്നതു്. അതേ മാതിരി 12 ലക്ഷത്തോളം രൂപ ചെലവാക്കേണ്ടുന്ന ഒരു പദ്ധതിയാണു് മുക്കാളി പൈലറ്റ് പ്രോജക്റ്റ്. അതിൻെറ സ്ഥിതി ദയനീയമാണെന്നു മാത്രമേ പറയുവാൻ സാധിക്കുകയുള്ളൂ. അട്ടപ്പാടി ബ്ലോക്കിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവിടെ ആർ. ഡി. ഓ. ഗ്രേഡിലുള്ള ഒരു ബ്ലാക്കാഫീസറും 10 ഗ്രാമസേവകന്മാരും എക്സറ്റൻഷൻ ആഫീസറന്മാരും എല്ലാമുണ്ടു്. പക്ഷേ ബ്ലാക്കിനു് ഇതുവരെയായി ഒരു ആഫീസില്ല. ബ്ലോക്കാഫീസർക്കു് താമസിക്കാൻവേണ്ടി റസ്റ്റ്ഹൗസിലെ ഒരു റൂം ദയവായി കൊടുത്തിട്ടുണ്ടു്. എക്സ്റ്റൻഷൻ ആഫീസറന്മാർക്കു് താമസിക്കാൻ അവിടെയാതൊരു സൗകര്യവുമില്ലാത്തതുകൊണ്ടു് അവരിൽ അധികം പേരും മണ്ണാർകാട് പോയാണു് താമസിക്കുന്നതു്. വല്ലപ്പോഴും അട്ടപ്പാടിയൊന്നു വിസിറ്റുചെയ്യും. പിന്നെ എന്താണു് ഈ എക്സ്റ്റൻഷൻ ആഫീസറന്മാർക്കു് ജോലി എന്നു ഞാൻ ചോദിക്കുകയാണു്. അവിടെ യാതൊരു പ്രധാനമായ ജോലിയും നടന്നില്ല. ഈ കഴിഞ്ഞ രണ്ടു കൊല്ലത്തിനുള്ളിൽ അവിടെ എന്തെങ്കിലും പ്രവർത്തനം നടന്നിട്ടുണ്ടെങ്കിൽ അതു് ഈ ആദിവാസികൾക്കു് കുറെ വീടുകൾ പണിതുകൊടുക്കുക എന്നുള്ളതു മാത്രമാണു്. ഈ പ്ലാൻ പീരിയഡിൽ ഈ ബ്ലാക്കിൽ രണ്ടായിരത്തിലധികം വരുന്ന വീടുകൾ പണിതു കൊടുക്കുമെന്നാണു് പറഞ്ഞിരുന്നതു്. ഇപ്പോൾ ആകെ 60 വീടുകളാണു് ആദിവാസികൾക്കു് ഹാൻറ് ഓവർ ചെയ്തു കൊടുത്തിട്ടുള്ളതു്. ഒട്ടാകെ രണ്ടായിരം വീടുകൾ ഈ പദ്ധതിക്കാലത്തു എങ്ങനെ ഉണ്ടാക്കിക്കൊടുക്കുമെന്നു എനിക്കു അറിയുകയില്ല. പി. ഡബ്ലിയു.ഡി. യുടെ പ്രവർത്തനം നടത്താൻവേണ്ടി ബ്ലാക്കു് എക്സ്റ്റൻഷൻ ആഫീസറന്മാരുടെ കൂട്ടത്തിൽ അസിസ്റ്റൻറ് എൻജിനീയരും ജൂനിയർ എൻജിനിയറുമുണ്ടു്. അവർക്കു് യാതൊരു പ്രവർത്തിയും ഇതുവരെയായി ഏല്പിച്ചുകൊടുത്തിട്ടില്ല. ഇപ്പോൾ അവിടെ പണി നടക്കുന്നതു് പാലക്കാടു് എക്സിക്യൂട്ടീവു് എൻജിനിയറുടെ കീഴിലുള്ള പെരിന്തൽമണ്ണ അസിസ്റ്റൻറു് എൻജിനീയറുടെ മേൽനോട്ടത്തിലാണു്. ബ്ലാക്കിലുള്ള അസിസ്റ്റൻറ് എൻജിനീയർക്കോ ജൂനിയർ എൻജിനിയർക്കോ മുന്നുകൊല്ലമായിയാതൊരു ജോലിയും ഏല്പിച്ചുകൊടുക്കാതെ വെറുതേ ഗവണ്മെൻറു് ശമ്പളം കൊടുക്കുകയാണു്. അവിടെ ഇൻഡസ്ട്രീസു് എക്സറ്റൻഷൻ ആഫീസറുണ്ടു്, എന്തു ഇൻഡസ്ട്രീസാണു് അവിടെ തുടങ്ങുന്നതിനു് സാധിക്കുക എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം യാതൊരു പ്രവർത്തിയും തുടങ്ങിയിട്ടില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കുമെന്നാണു് പറഞ്ഞതു്. ഈ മാസ്റ്റർപ്ലാൻ എന്താണെന്നുള്ളതു് ഈ മുന്നു കൊല്ലമായിട്ടും ഡി. ഡി. സി. യിൽനിന്നോ അല്ലാതെയോ അധികൃതമായ യാതൊരു വിവരവും ഞങ്ങൾക്കു് ലഭിച്ചിട്ടില്ല. പിന്നെ അവിടെയൊരു കോവാപ്പറേറീവു് എക്സറ്റൻഷൻ ആഫീസറുണ്ടു്. അദ്ദേഹത്തിനു് എന്താണു് ജോലി എന്നു അറിഞ്ഞുകൂടാ. അട്ടപ്പാടിയിൽ നാലു ടൈബൽ കോവാപ്പറേറീവു് സൊസൈറ്റികളും രജിസ്റ്റർ ചെയ്തിട്ടുണ്ടു്. അതു് ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലായതുകൊണ്ടു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവിടെ എന്താണു് ചെയ്യേണ്ടതു് എന്നു അറിയുകയില്ല. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ഈ സൊസൈറ്റികളും കോവാപ്പറേറീവു് ഡിപ്പാർട്ടുമെൻറിനു് വിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ രേഖമൂലം വിട്ടുകൊടുക്കുകയില്ല, ഇതിൻെറ ഫലമായി ഈ എക്സ്റ്റൻഷൻ ആഫീസർക്കു് ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ഈ

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റികളെ സൂപ്പർവൈസു് ചെയ്യാനോ അതിന്റെ മറ്റു കാര്യങ്ങളും അന്വേഷിക്കാനോ സാധിക്കുകയില്ല. പിന്നെ മൃഗസംരക്ഷണ പരിപാടിയാണു് അവിടെയുള്ളതു്. കുറേ കന്നുകാലികളും വാങ്ങിച്ചു് ആദിവാസികൾക്കു് കൊടുക്കുകയും ചെയ്തു. കന്നുകാലി വാങ്ങിച്ചതിൽ അങ്ങേയറ്റത്തെ കൃത്രിമകോണം നടന്നിട്ടുണ്ടെന്നു് ആക്ഷേപം വന്ന അവസരത്തിൽ അവിടത്തെ ആദിവാസികളെ പോലീസിനെവിട്ടു് പിടിപ്പിക്കുമെന്നു ഭയപ്പെടുത്തുകയാണു് ചെയ്തതു്. സർ, ഈ ബ്ലാക്കിന്റെ കീഴിൽ നടന്ന മറ്റൊരു സംഗതിയാണു് കുറേ സീഡ്‌ലിംഗ്സു് കൊടുത്ത ഏർപ്പാടു്. ആദിവാസികൾക്കു് കൊടുക്കുന്നതിനുവേണ്ടി കുറേ തെങ്ങിൻതൈ കൊണ്ടുവന്നു. ആ തെങ്ങിൻതൈ മുഴുവൻ വെയിലത്തുകിടന്നുണങ്ങി അതൊരു സ്ഥലത്തു കെട്ടിക്കിടന്നതു് നേരിട്ടു് ഞാൻ കണ്ടതാണു്. പിന്നെ ഈ ടൈബൽ ബ്ലാക്കിൽ 10 ഗ്രാമസേവകരുണ്ടു്. ഈ പത്തു ഗ്രാമസേവകരിൽ രണ്ടുപേർക്കാണു് അവിടെ താമസിക്കാൻ സൗകര്യം കിട്ടിയിട്ടുള്ളതു്. ബാക്കിയുള്ളവർക്കു് താമസിക്കുന്നതിനു് ഇതുവരെ കെട്ടിടം ലഭിച്ചിട്ടില്ല. അവിടെ മണ്ണാർക്കാടു് ബ്ലാക്കിലുള്ള ഗ്രാമസേവകനു മാത്രം ഒരു ആഫീസുണ്ടു്. ഇവർക്കു് ഇരുന്നു പ്രവർത്തിക്കുന്നതിനു ആഫീസില്ലാത്തതുകൊണ്ടു് അലഞ്ഞുതിരിഞ്ഞു നടന്നു് ഏതെങ്കിലും ചായപീടികയിൽ നിന്നു് ചായ കിട്ടിയാൽ അതും കഴിച്ചുകൊണ്ടു് നടക്കുകയാണു് ഇവരുടെ പ്രവർത്തി. അവർക്കു് ഇരുന്നു പ്രവർത്തിക്കുന്നതിനു് ഇതുവരെയായി ആഫീസു് സൗകര്യം കൊടുത്തിട്ടില്ല.

ഈ കഴിഞ്ഞകൊല്ലം മുതൽക്കു് ആൻറി മലേറിയ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന കുറെ ഷെഡ്ഡുകൾ അവിടെയുണ്ടു്. ഈ മാർച്ചു 31-ാംതീയതിയോടുകൂടി ആൻറിമലേറിയായുടെ പ്രവർത്തനം നിശേഷം നിറുത്തിയിരിക്കുകയാണു്. അവിടെ അതിനു വേണ്ടിയുള്ള കെട്ടിടങ്ങളും ഒരു കാർട്ടേഴ്സുമുണ്ടു്. അതു് ബ്ലോക്കുകളുടെ പ്രവർത്തനത്തിനു് വിട്ടുകൊടുക്കണമെന്നു പറഞ്ഞിട്ടു് വിട്ടുകൊടുത്തിട്ടില്ല. അവിടെ മറ്റൊരു സെമി പെർമനൻറു് ഷെഡ്ഡുകിലും കൊടുക്കാതെ ആഫീസറന്മാർക്കു പ്രവർത്തിക്കാനുള്ള സൗകര്യമില്ല. അതിന്റെ എല്ലാം ഫലമായിട്ടു് ഉദ്യോഗസ്ഥന്മാർക്കു് വെറുതെ ശമ്പളം കൊടുക്കുകയാണു്. ആർ. ഡി. ഓ. ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കുക, എക്സ്റ്റൻഷൻ ആഫീസർക്കു് ശമ്പളം കൊടുക്കുക, 10 ഗ്രാമസേവകന്മാർക്കു ശമ്പളം കൊടുക്കുക. ഇങ്ങനെ ഉദ്യോഗസ്ഥന്മാർക്കു് വെറുതെ ശമ്പളം കൊടുക്കുകയാണു്. ഒരു പ്രവൃത്തിയും നടക്കുന്നില്ല. കെട്ടിടമുള്ള ദിക്കിലെ സ്ഥിതിതന്നെ എടുക്കാം. മുക്കാളി പൈലറ്റു് പ്രോജക്ടറ്റു് ഏരിയായിൽ ഒരു ഗ്രാമസേവകനു് ആഫീസുണ്ടു്. അവിടെ 25 വീടുകൾ കെട്ടികൊടുത്തിട്ടുണ്ടു്. അതല്ലാതെ അവിടെയുള്ളവർക്കു് കൃഷിക്കുള്ള യാതൊരു ഏർപ്പാടുമില്ല. മറ്റു ജലസേചനസൗകര്യമൊന്നുമില്ല. അതുപോലെതന്നെ മണ്ണൊലിപ്പു നിവാരണത്തിനു് സൗകര്യം ചെയ്തിട്ടില്ല. ഇതിന്റെ ഫലമായി രാവിലെ പൂഴ്ത്തേറ്റാൽ അവിടെയുള്ള ആളുകൾ കാട്ടിൽ മുളവെട്ടാൻപോകും. അതു നോക്കിനിൽക്കുകയാണു് ഗ്രാമസേവകന്റെ പണി. ഇങ്ങനെ കേന്ദ്രഗവണ്മെൻറിന്റെ കയ്യിൽനിന്നു് കെട്ടിവാങ്ങുന്ന പണം ആദിവാസികൾക്കു് കിട്ടാനുള്ള യാതൊരു സൗകര്യവുമില്ല. എന്നു മാത്രമല്ല പണത്തേക്കാൾ ഇന്നു് അപകടം പിടിച്ച സ്ഥിതിയിലേക്കു് ആദിവാസികൾ പോയിക്കൊണ്ടിരിക്കുകയാണു്. ഇങ്ങനെ അവർക്കു് സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടു് ധാരാളം കറപ്ഷൻ നടക്കാനുള്ള സൗകര്യമുണ്ടു്. ഇങ്ങനെ വന്നതുകൊണ്ടു് അവിടത്തെ ഗ്രാമസേവകനെ സസ്പെൻഡു ചെയ്തിരിക്കുകയാണു്. സസ്പെൻഷനു കാരണം വിശ്വസിച്ചു കൊടുത്തതിൽ എന്തോ തകരാറു വന്നതാണു്. ഈ സസ്പെൻഷൻ ഗ്രാമസേവകനിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നാണോ എന്നു് ഗവണ്മെൻറു് പരിശോധിക്കേണ്ടതുണ്ടു്. മറ്റൊന്നു് ആർ. ഡി. ഓ.യുടെ കീഴിൽ ഒരു ബി. ഡി. ഓ.യെ നിശ്ചയിച്ചു. അദ്ദേഹം ജനങ്ങൾക്കു് സേവനം ചെയ്യാൻ സൗകര്യമുള്ള വ്യക്തി എന്ന നിലക്കു് അദ്ദേഹത്തിനു് ഒന്നും ചെയ്യാൻ കഴിയാത്തതിനെപ്പറ്റി ഇപ്പോൾ നിരാശയിൽ കഴിയുകയാണു്. കുറെ കാലം കഴിഞ്ഞു് പെൻഷനാകാറായി എന്നും പറഞ്ഞു് അദ്ദേഹം പോകാൻ പോവുകയാണു്. സെൻട്രഫ് മന്ത്രിരി നടന്ന സമയത്തു് അദ്ദേഹത്തിനു് എക്സ്റ്റൻഷൻ കൊടുക്കാം. ഇനിയും അവിടെ താമസിക്കണമെന്നു പറഞ്ഞ അവസരത്തിൽ അദ്ദേഹം മുഴുവൻ വന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണൻ]

തയും വ്യക്തമാക്കുകയുണ്ടായി. എന്നോടൊത്തു പ്രവർത്തിക്കാനുള്ള പരിചയമുള്ള യാതൊരു അസിസ്റ്റൻറിനേയും കിട്ടാത്തതുകൊണ്ടു് യാതൊരു പ്രവർത്തനവും നടത്താൻ സാധിക്കുമെന്നു് എനിക്കു് വിശ്വാസമില്ലെന്നു് അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ടു് ഹരിദ്വാരത്തേക്കു പോവുകയാണെന്നാണു് പറഞ്ഞതു്. ടൈബൽബ്ലോക്കിനു് പ്രവർത്തിക്കാനുള്ള പ്രീകണ്ടീഷൻസു് ഇല്ല. ഈ രാജ്യത്തു് അവർക്കു് ഭൂമിയില്ല, ഭൂമിയിൽ സ്ഥിരാവകാശമില്ല. സർവ്വേ ചെയ്ത സ്ഥലത്തു കൊണ്ടുപോയി എന്തെങ്കിലും ഉല്പാദിപ്പിക്കാമെന്നുവച്ചാൽ ഇന്നൊരാളുടെ ഭൂമിയാണെങ്കിൽ നാളെ വേറൊരാളുടെ ഭൂമിയായിരിക്കുന്ന ഏർപ്പാടുണ്ടു്. ഇതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു് വളരെയധികം അശ്രദ്ധ കാണിച്ചിരിക്കുന്നു. അട്ടപ്പാടിയിൽ സർവ്വേ നടത്തുന്നതിനെ സംബന്ധിച്ചു് 3 കൊല്ലം മുമ്പു് അസംബ്ലിയിൽതന്നെ എൻറെ ഒരു നോൺഒഫിഷ്യൽ റസല്യൂഷനു് ശ്രീ. ചന്ദ്രശേഖരൻ ഉറപ്പുതന്നിട്ടുള്ളതാണു്. അവിടെ യാതൊരു നടപടിയും ഇതുവരെ എടുത്തിട്ടില്ല. ആദിവാസികളുടെ ഭൂമിയെ സംബന്ധിച്ചിടത്തോളം റെക്കാർഡു് ആഫു് റൈറ്റ്സു് ഉണ്ടാകാൻ വേണ്ടി സൗകര്യമുള്ള പാർട്ടിയെ ഇതുവരെ സർവ്വേ ചെയ്യാൻ ഏയച്ചിട്ടില്ല. ഇതെല്ലാം പറയുന്ന അവസരത്തിൽ ഇന്നത്തെ ഭൂപരിഷ്കരണ നിയമം അനുസരിച്ചുകൊണ്ടതന്നെ ഇവർക്കെല്ലാം സ്ഥിരാവകാശം കിട്ടാനുള്ള സൗകര്യമുണ്ടല്ലോ എന്നു പറയും, ഈ രാജ്യത്തെ ആദിവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമി മറ്റുള്ളവർക്കു് വിലയ്ക്കു് കൊടുക്കുകയോ, കൈമാറ്റം ചെയ്യുകയോ ചെയ്യുന്നതു തടയാതിരിക്കുന്നിടത്തോളം കാലം അവരുടെ കൈയ്യിൽ ഭൂമി ഇരിക്കുകയില്ല. ഇങ്ങനെ വ്യവസ്ഥ ചെയ്യാത്തതിൻറെ ഫലമായി പല ആളുകൾക്കും ഭൂമിയില്ല. കുന്നുകാലികളെ ഏല്പിച്ചുകൊടുത്ത പല ആളുകൾക്കും ഭൂമിയില്ല. കൃഷിക്കു് സഹായം കൊടുത്തിട്ടുള്ള പല ആളുകൾക്കും ഭൂമിയില്ല. ഇതൊന്നും ഇല്ലാത്തതിൻറെ ഫലമായി ഈ സർവ്വേ വ്യർത്ഥമായിട്ടു ചെയ്യുകയാണു്. പല ഡിപ്പാർട്ടുമെൻറുണ്ടു് പല ഡിപ്പാർട്ടുമെൻറുണ്ടെന്നുള്ള നിലയിൽ ഈ രണ്ടുമാസം കൂടുമ്പോൾ പാലക്കാട്ടു നിന്നു് ജീപ്പിൽ ഒരു ഘോഷയാത്രയായിട്ടു വരും അവിടെ സോഷ്യൽ വെൽഫെയർ അഡൈവസറി കമ്മിറ്റിയുണ്ടെന്നു പറഞ്ഞു വരും. അവിടെ യാതൊന്നുമില്ല. ഭരണകക്ഷിയിലെ ആളാണോ അഡൈവസറി കമ്മിറ്റി? എന്നിട്ടു് ഒരു പ്രഹസനമായിട്ടു് ആ കമ്മിറ്റി രണ്ടുമൂന്നു ദിവസം കഴിഞ്ഞു് സദ്യയുമെല്ലാം കഴിഞ്ഞു മടങ്ങും. കുറെ റിസർവ്വു് ഫോറസ്റ്റിലാണു് ആദിവാസികളും താമസിക്കുന്നതു്. റിസർവ്വു് ഫോറസ്റ്റിലെ ഭൂമി കൃഷി ചെയ്യാൻ ഫോറസ്റ്റുകാർ കൊടുക്കുകയില്ല. ഇങ്ങനെ അവിടത്തെ ആദിവാസികളും അലഞ്ഞുതിരിയുന്ന ഒരു സമ്പ്രദായമുണ്ടു്. അവിടെ ഗ്രൂപ ചെലവാക്കുന്നുണ്ടെങ്കിൽതന്നെ അതുകൊണ്ടു് ആദിവാസികൾക്കു് ഒരു പ്രയോജനവുമില്ല. അതുകൊണ്ടു ഈ ടൈബൽ ബ്ലോക്കുകളുടെ പുരോഗമനത്തിനു് വേണ്ടി കാര്യമായി പണം ചെലവാക്കാനും അവിടെ ആഫീസറന്മാർക്കു് താമസിക്കാൻ സൗകര്യം ഉണ്ടാക്കാൻ വേണ്ടിയും ആദിവാസികൾക്കു് ഇന്നു് പ്രീകണ്ടീഷൻസു് ഇല്ലെന്നുള്ളതു് മനസ്സിലാക്കി അതുണ്ടാക്കാൻ വേണ്ടിയും ഈ ഗവണ്മെൻറു് ശ്രദ്ധിക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

[Deputy Speaker in the Chair]

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : മാഡം, നമ്മുടെ ഗ്രാമപ്രദേശങ്ങളെ അഭിവൃദ്ധിപ്പെടുത്താൻവേണ്ടി രൂപീകരിച്ചിട്ടുള്ള പഞ്ചായത്തുകളെ സംബന്ധിച്ചും മറ്റു ദേശീയ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള ഈ ഡിമാൻറിനെ ഞാൻ ശക്തിയായി എതിർക്കുകയാണു്. അതിനു പല കാരണങ്ങളുമുണ്ടു്. ഈ രാജ്യത്തു് വ്യവസായവികസനത്തിനുവേണ്ടി കൂടുതൽസമയം ചെലവഴിക്കുന്ന നമ്മുടെ മന്ത്രിക്കു് ഇതുപോലും പ്രധാനപ്പെട്ട ഈ വകുപ്പിൻറെ പ്രവർത്തന കാര്യങ്ങളുമായി വേണ്ടതു പരിചയപ്പെടാനോ, അല്ലെങ്കിൽവേണ്ടതു സമയം ഇതിനുവേണ്ടി ഉപയോഗിക്കാനോ സാധിക്കുന്നില്ല എന്നുള്ളതു് പല സന്ദർഭങ്ങളിലും ഇവിടെ വ്യക്തമായിട്ടുണ്ടു്. ഇന്നു പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം റൂറൽ ഡെവലപ്പുമെൻറു് ഡിമാൻറിനു് (കാര്യമായി വകകൊള്ളിച്ചിട്ടുള്ളതു് പഞ്ചായത്തുകൾക്കു് ഗ്രാൻറിനും ലോണിനുമായി ഒരു

LIBRARY ARCHIVES Kerala Legislative Assembly

വലിയ സംഖ്യ ചെലവഴിക്കാൻ വേണ്ടി മാത്രമാണു്. ഈ സംഖ്യയെ സംബന്ധിച്ചു പറയുമ്പോഴും കഴിഞ്ഞകൊല്ലവും ഈ അസംബ്ലിയിൽ ഞാൻ പറഞ്ഞ ഒരു കാര്യം ഓർക്കുകയാണു്. പഞ്ചായത്തുകൾക്കു ഗ്രാന്റു നൽകാൻവേണ്ടി വളരെയധികം സംഖ്യ ബഡ്ജറ്റിൽ വകയിരുത്തുകയും എന്നാൽ കൊല്ലാവസാനത്തിൽ പ്രധാനമായും ഈ മാർച്ചുമാസത്തിൽ മാത്രമാണു് ഈ ഗ്രാന്റുകൾ കൊടുക്കുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിക്കുന്നതു്. ഇന്നു് മാർച്ചു് 19 ആയി. ഇക്കൊല്ലം കൊടുത്തുതീർക്കേണ്ട ഗ്രാന്റുകൾ ഇനിയും കൊടുത്തുകഴിഞ്ഞിട്ടില്ല. ഒരു പക്ഷേ പഞ്ചായത്തുകളിൽനിന്നു് മുൻകൂട്ടി ഇതിനുള്ള സ്റ്റേറ്റുമെന്റു് കിട്ടിയില്ലെന്നു പറഞ്ഞേക്കും. പക്ഷേ ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണു്. കഴിഞ്ഞകൊല്ലം കൊടുത്ത ഗ്രാന്റിൽ 75 ശതമാനമെങ്കിലും മുൻകൂട്ടി കൊടുക്കുകയാണെങ്കിൽ തീർച്ചയായും പഞ്ചായത്തുകൾക്കു് ഈ ഗ്രാന്റു് അതാതുകാലം തന്നെ കൊടുക്കാൻ സാധിക്കുന്നതാണു്. ഉദാഹരണമായി ഈ പഞ്ചായത്തുകൾക്കു് റോഡു മെയിൻറനൻസിനു് ഗ്രാന്റു കൊടുക്കുന്നുണ്ടു്. പഞ്ചായത്തുകൾക്കു് റോഡു് മെയിൻറനൻസിനു് ഗ്രാന്റുകൊടുത്തതു് ഈ മാർച്ചു് 2-ാമത്തെ ആഴ്ച മാത്രമാണെന്നു ഞാൻ വിശ്വസിക്കുകയാണു്. പല പഞ്ചായത്തുകൾക്കും ഇനിയും പ്രത്യേകമായ സാംഗ്ഷൻ കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്. ഈ വേനൽക്കാലത്തു് പ്രധാനമായും റോഡു് മെയിൻറനൻസിനു് സാധിക്കുകയില്ലെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണു്. പ്രത്യേകിച്ചു് മലബാറിലെ ഡിസ്ട്രിക്റ്റു് ബോർഡിൻകീഴിൽ ഉള്ള ഗ്രാമറോഡു് സംബന്ധിച്ചു് പറയുകയാണെങ്കിൽ പല റോഡുകളും പഞ്ചായത്തിനു് വിട്ടുകൊടുത്തിരിക്കുകയാണു് മെയിൻറയിൻ ചെയ്യാൻ. ഇത്തരം റോഡുകൾക്കൊന്നുംതന്നെ കാര്യമായ രീതിയിൽ മെയിൻറനൻസു് നടത്താനുള്ള സംഖ്യ കിട്ടുന്നില്ല. മറെറാരു സംഗതി 963-64-ൽ നീക്കിവച്ചിട്ടുള്ള 41.70 ലക്ഷം രൂപ 36.5 ലക്ഷം രൂപയായി കുറച്ചിരിക്കുകയാണു്. എന്തിനുവേണ്ടി കുറച്ചു എന്നു ഞാൻ ചോദിക്കുകയാണു്. ഈ കുറച്ചതുതന്നെ ഗ്രാൻറിനത്തിലുള്ളതാണു്. ഇങ്ങനെ 5.13 ലക്ഷം ഉറപ്പിച്ച പഞ്ചായത്തുകൾക്കു് ഗ്രാന്റു കൊടുക്കുന്നതിൽനിന്നു് 63–64–ൽ കുറച്ചിരിക്കുകയാണു്. ഇവിടെ ഈ മന്ത്രി ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക വളരെ പരിമിതമായതുകൊണ്ടു് പല പഞ്ചായത്തുകൾക്കും ഗ്രാന്റു കൊടുക്കാൻ സാധിച്ചിട്ടില്ല എന്നു പറയാറുണ്ടു്. പക്ഷേ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന സംഖ്യതന്നെ കൊല്ലാവസാനം കുറയുന്ന പരിതഃസ്ഥിതിയാണു് കാണുന്നതു്. വരുന്ന കാലത്തേക്കും സംഖ്യ നീക്കിവച്ചിട്ടുണ്ടു്. പക്ഷേ ഇങ്ങനെ പോയാൽ അവസാനമാകുമ്പോഴേക്കും എത്രമാത്രം കുറയുമെന്നു് സംശയിക്കുകയാണു്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തു പ്രവർത്തനങ്ങളുമായി വളരെയധികം ബന്ധപ്പെട്ടുന്ന വില്ലേജു് വാളണ്ടിയർ ഫോഴ്സു് ഉണ്ടു്. വില്ലേജു് വാളണ്ടിയർ ഫോഴ്സു് രൂപീകരിച്ചിട്ടു് ഒരു കൊല്ലം കഴിഞ്ഞു. ഓരോ പഞ്ചായത്തിലും വില്ലേജു് വാളണ്ടിയർ ഫോഴ്സിൽ ചുരുങ്ങിയതു് 200 വാളണ്ടിയർമാരെ സംഘടിപ്പിക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നു. പക്ഷേ ഒരുകൊല്ലം കഴിഞ്ഞിട്ടും ഇങ്ങനെ സംഘടിപ്പിച്ച 200 വാളണ്ടിയേഴ്സിനും ബാഡ്ജുപോലും കൊടുക്കാൻ ഗവണ്മെൻറിനു സാധിച്ചിട്ടില്ലെന്നു പറയുമ്പോഴും ഈ വില്ലേജു് വാളണ്ടിയർ സേന എത്രമാത്രം നല്ല ഉദ്ദേശത്തോടുകൂടിയാണു് ഗവണ്മെൻറു് സംഘടിപ്പിച്ചിട്ടുള്ളതെന്നു വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ഈ രീതിയിലാണു് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളും നടക്കുന്നതു്. മറെറാരു സംഗതി ഇന്നലെ ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു എക്സിക്യൂട്ടീവു് ആഫീസറന്മാർ നിർമ്മിച്ചെടുത്തിയ വീട്ടുനികുതി കുറയ്ക്കാനോ, പുനപരിശോധിക്കാനോ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾക്കു് അധികാരമുണ്ടെന്നു് തികച്ചും ഇന്നു നടപ്പുള്ള ചട്ടങ്ങളും അനുസരിച്ചു് ഇങ്ങനെയുള്ള വ്യവസ്ഥയില്ലെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി അതൊന്നു പരിശോധിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്. കേരളത്തിലെല്ലാംതന്നെ പഞ്ചായത്തുകൾ രൂപീകരിച്ചതിനുശേഷം 1962 മുതൽക്കു് വീട്ടുനികുതി പുനർനിർണ്ണയമെന്നു് നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാർ വീട്ടുനികുതി പുനർനിർണ്ണയം നടത്തി അതു് പിരിച്ചുകൊണ്ടിരിക്കുകയുമാണു്. ഈ നികുതിയെ സംബന്ധിച്ചിടത്തോളം 5 കൊല്ലം കഴിഞ്ഞാലതു് റിവൈസു ചെയ്യാനുള്ള അധികാരമുള്ള. അപ്പീൽ കേൾക്കാനുള്ള അധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ]

കാരംമാത്രമേ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾക്കുള്ളൂ. അതേഅവസരത്തിൽ മന്ത്രി പറയുകയാണു് പഞ്ചായത്തുകൾക്കു് അധികാരം കൊടുത്തിട്ടുണ്ടെന്നു്. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് ഇതൊന്നുകൂടി മന്ത്രി പുനഃപരിശോധിക്കണമെന്നു്.

മറ്റൊന്നു് എനിക്കു പറയാനുള്ളതു് പഞ്ചായത്തുകളുടെ ഭരണത്തെ സംബന്ധിച്ചാണു്. പഞ്ചായത്തുകളെ ഫസ്റ്റു് ഗ്രേഡു്, സെക്കൻറു് ഗ്രേഡു്, തേഡു് ഗ്രേഡു് ഇങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുകയാണു്. മലബാറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ പഞ്ചായത്തുകൾ രൂപീകരിച്ചപ്പോൾ അന്നു പഞ്ചായത്തുകളില്ലാതിരുന്ന പ്രദേശങ്ങൾ തേഡു് ഗ്രേഡു് പഞ്ചായത്തുകളായി രൂപം പ്രാപിച്ചിരിക്കുകയാണു്. ഇന്നു് പഞ്ചായത്തുകളുടെ വരുമാനം വളരെയധികം വർദ്ധിച്ചിട്ടുണ്ടു്. വരുമാനം വർദ്ധിച്ചതനുസരിച്ചു് പഞ്ചായത്തുകളെ ഗ്രേഡു് തിരിക്കേണ്ടതു് അത്യാവശ്യമാണു്. എന്നാൽ അവിടങ്ങളിൽ 50,000 രൂപയും ലക്ഷംരൂപയും വരവുള്ള പഞ്ചായത്തുകളിൽ 40.120 രൂപ ശമ്പളമുള്ള തേഡു് ഗ്രേഡു് എക്സിക്യൂട്ടീവു് ആഫീസറന്മാരാണുള്ളതു്. ഈ വിഷയത്തിൽ കാര്യമായ പരിചയമേ, പ്രവർത്തന സമ്പ്രദായങ്ങളോ പരിചയമില്ലാത്ത എക്സിക്യൂട്ടീവു് ആഫീസറന്മാർക്കു് ഇത്രമാത്രം ഭരിച്ച തുക വാങ്ങാൻ അധികാരം കൊടുക്കുകയാണെങ്കിൽ അതു് ഏതുരീതിയിൽ വിനിയോഗിക്കുമെന്നു് ചിന്തിച്ചാലറിയാം. അതുകൊണ്ടു് അടിയന്തിരമായി വരുന്ന കൊല്ലത്തേക്കെങ്കിലും പഞ്ചായത്തിൻെറ വരുമാനം കണക്കിലെടുത്തുകൊണ്ടു് ഗ്രേഡു് തിരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ഇനി എനിക്കു മറ്റൊന്നു പറയാനുള്ളതു് കമ്മ്യൂണിറ്റി ഡെവലപ്പുമെൻറിനെ സംബന്ധിച്ചാണു്. കേരളത്തെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിറ്റി ഡെവലപ്പുമെൻറു് ബ്ലോക്കുകളെല്ലാം രൂപീകരിച്ചുകഴിഞ്ഞുവെന്നാണു് പ്രസ്താവിച്ചിട്ടുള്ളതു്. പക്ഷേ ഇന്നു കാര്യമായി എന്തു ഡെവലപ്പുമെൻറു് നടക്കുന്നു എന്നു ചോദിച്ചാൽ ഗവണ്മെൻറു നിർദ്ദേശമുണ്ടു്, എമർജൻസിയാണു് അതുകൊണ്ടു് വളരെ സാവധാനത്തിൽ പോയാൽ മതിയെന്നുള്ള നിലയിലാണു് ഉദ്യോഗസ്ഥന്മാരിൽനിന്നു കിട്ടുന്ന മറുപടി. ഇന്നു് ചില രംഗങ്ങളിൽ കമ്മ്യൂണിറ്റി ഡെവലപ്പുമെൻറു് ഉള്ള പ്രദേശങ്ങളിൽ ചില നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. പ്രധാനമായും കാർഷികവികസന രംഗത്തു് ചില മെച്ചങ്ങളും ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കുകയാണു്. പക്ഷേ അതേ അവസരത്തിൽ റൂറൽ ഇൻഡസ്ട്രീസു് വികസിപ്പിക്കാനും അതിനുവേണ്ടി ബഡ്ജറിൽ നീക്കിവച്ച സംഖ്യ കാര്യമായി ഉപയോഗിക്കാനും എൻ. ഇ. എസ്. ബ്ലോക്കുകൾക്കു സാധിച്ചിട്ടില്ല. അതുകൊണ്ടു് ഇൻഡസ്ട്രീസിൻെറ ചുമതല കൂടി വഹിക്കുന്ന മന്ത്രി ഈ കാര്യത്തിൽ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. മറ്റൊന്നു് ഇന്നുള്ള ബ്ലോക്കുകൾ സ്റ്റേജു് 1-ം, 2-ം ആയി തിരിഞ്ഞിട്ടുണ്ടു്. പഞ്ചായത്തു ഡീലിമിറ്റിഷേൻ ചെയ്യുമ്പോൾ ഒരു പഞ്ചായത്തിൽപ്പെട്ട വില്ലേജു് ഒന്നും രണ്ടും സ്റ്റേജു് ബ്ലോക്കുകളിൽ പെട്ടിട്ടുണ്ടു്. ഇത്തരം ഡീലിമിറ്റേഷൻ മാറ്റിക്കൊണ്ടു് ഒരു പഞ്ചായത്തിൻെറ മുഴുവൻ പ്രദേശവും ഒരു ബ്ലാക്കിലേക്കുതന്നെ മാറ്റിക്കൊണ്ടുള്ള പുനർവിഭജനം അത്യാവശ്യമാണു്, അതുമാത്രമല്ല മലബാറിലും, തിരു-ക്കൊച്ചിയിലും ബ്ലോക്കുകളുടെ ഏരിയായെ സംബന്ധിച്ചും ജനസംഖ്യയെ സംബന്ധിച്ചും വളരെയധികം വ്യത്യാസമുണ്ടു്. അതുകൊണ്ടു് പഞ്ചായത്തു യൂണിയൻ കൗൺസിലുകളെല്ലാംതന്നെ രൂപീകരിക്കുന്ന അവസരത്തിലെങ്കിലും അടുത്തഭാവിയിൽതന്നെ ബ്ലോക്കുകളെല്ലാം ഒരു സമീകൃതമായ രീതിയിൽ പുനർവിഭജിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. ഈ ബ്ലോക്കുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചു പറയുമ്പോൾ ഒരു കാര്യംകൂടി പറയാനുള്ളതു്, ബ്ലോക്കു് ഹെഡ്ക്വാർട്ടേഴ്സിനു് കെട്ടിടങ്ങളുണ്ടാക്കാൻവേണ്ടി പൊതുജനങ്ങളും സ്ഥലം സംഭാവന ചെയ്യണമെന്ന വ്യവസ്ഥയുണ്ടു്. പല സ്ഥലത്തും പൊതുജനങ്ങളും സ്ഥലം സംഭാവന ചെയ്തിട്ടും കെട്ടിടങ്ങളും കെട്ടിയതായി കാണുന്നില്ല. ഉദാഹരണമായി വടകര, മേലടി എന്നീസ്ഥലങ്ങളിൽ നാട്ടുകാർ സ്ഥലം സംഭാവന ചെയ്തിട്ടുണ്ടു്. അവിടെ ഇത്തരം പ്രവർത്തനങ്ങളും സംഘടിക്കാനുള്ള യാതൊരു നടപടിയും ഇതുവരെയും എടുത്തിട്ടില്ല. പോസ്റ്റു് സ്റ്റേജു്

LIBRARY ARCHIVES Kerala Legislative Assembly

2 ബ്ലോക്കുകൾക്ക് സംഖ്യ നീക്കി വെക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. ബ്ലോക്കുകളുടെ വികസനപ്രവർത്തനത്തിനു് കാര്യമായി യാതൊരു തുകയും വകയിരുത്തിയിട്ടില്ല. അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കാൻ കൊല്ലംതോറും വകയിരുത്തുക എന്നുള്ളതല്ലാതെ ഇത്തരത്തിലുള്ള ബ്ലോക്കുകളുടെ പ്രവർത്തനത്തിനു് യാതൊരു തുകയും കൊടുക്കാൻ ഈ ഗവണ്മെൻറിനു സാധിച്ചിട്ടില്ല. അതുകൊണ്ടു് ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുകയാണു്.

അവസാനമായി ലോക്കൽഡെവലപ്പ്മെൻറു വക്കിനെപ്പറ്റി പറയാനുണ്ടു്. 62-63-ൽ പ്രധാനമായി വില്ലേജു് റോഡു്, കലുങ്കുകൾ, കെട്ടിടങ്ങൾ എന്നിവയ്ക്കു് ഉപയോഗിക്കുവാനുള്ള അനുവാദം കേന്ദ്ര ഗവണ്മെൻറിൽനിന്നും കിട്ടിയിരുന്നു. ഇന്നാണെങ്കിൽ ഇത്തരം സംഖ്യ വില്ലേജു് വാട്ടർസപ്ലൈക്കു് മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ എന്നുള്ളതുകൊണ്ടു് മറ്റു പ്രവർത്തനങ്ങൾക്കൊന്നും വകയിരുത്താൻ സാധിക്കുന്നില്ല. വില്ലേജു് വാട്ടർസപ്ലൈ സ്കീമിനു രണ്ടുലക്ഷവും, മൂന്നരലക്ഷവുമെല്ലാം നീക്കിവച്ചിട്ടു് ആയിരം രൂപയെ ചെലവു ചെയ്യാൻ കഴിഞ്ഞിട്ടുള്ളുവെന്നു പറയുന്നുണ്ടു്. മലബാറിനെ സംബന്ധിച്ചിടത്തോളം മാത്രമല്ല, കേരളത്തിനെ സംബന്ധിച്ചു പൊതുവെ നമുക്കറിയാം കടലോരപ്രദേശങ്ങളിലൊഴികെ മറ്റു പ്രധാന വില്ലേജുകളിലും അവരവരുടെ ആവശ്യത്തിനുവേണ്ടി വെള്ളം കിട്ടാനുള്ള സൗകര്യം അവരവർതന്നെ ഉണ്ടാക്കിയിട്ടുണ്ടെന്നു്. അതുകൊണ്ടു് കിണർ കുഴിക്കുന്ന ഇനത്തിൽ കാര്യമായ സംഖ്യ നമുക്കു ചെലവു ചെയ്യാൻ സാധിക്കുന്നില്ലെന്നുള്ളതു ഒരു വസ്തുതയാണു്. അതു മാത്രമല്ല, റൂറൽ വാട്ടർസപ്ലൈ സ്കീമിനു് പ്ലാൻപ്രൊവിഷനും അതിനും പുറമെ ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെൻറു് നീക്കിവയ്ക്കുന്ന തുകയും ഉണ്ടു്. ഈ എല്ലാ ഡിപ്പാർട്ടുമെൻറുകളുമായി സഹകരിച്ചു ഇത്തരം പ്രവർത്തനങ്ങൾക്കു് ആവശ്യമില്ലാത്ത സംഖ്യ റോഡുകൾക്കും, കലുങ്കുകൾക്കും, കെട്ടിടങ്ങൾക്കും മുൻപു അനുവദിച്ചതുപോലെ അനുവദിച്ചാലെ കേരളത്തിലെ പ്രത്യേക പരിതഃസ്ഥിതിയിൽ സംഖ്യ ചെലവു ചെയ്യാൻ സാധിക്കുകയുള്ളുവെന്നു കേന്ദ്രഗവണ്മെൻറിനെ അറിയിച്ചു അതിനു അവരുടെ അംഗീകാരം വാങ്ങണമെന്നാണു് എനിക്കു പറയാനുള്ളതു്,

മറ്റൊരു കാര്യം പഞ്ചായത്തു് ഉദ്യോഗസ്ഥന്മാരെയും, ജീവനക്കാരെയും ഇന്നു നിലവിലുള്ള ചട്ടമനുസരിച്ചു് ഒരു പഞ്ചായത്തിൽനിന്നും മറ്റു പഞ്ചായത്തിലേക്കു് മാറ്റുവാനുള്ള അധികാരമില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. എന്നാൽ ഇന്നു് മലബാറിൽ പല പഞ്ചായത്തു ഉദ്യോഗസ്ഥന്മാരെ വളരെയധികം വിഷമം വരത്തക്കവിധം സ്ഥലം മാറ്റുന്നുണ്ടു്. അതിനുള്ള അധികാരം ഇന്നുണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. ഒരു കാമൺസെൻസ് ആകാത്ത കാലത്തോളം അങ്ങനെ ഒരു സമ്പ്രദായം സ്വീകരിക്കുന്നതു ആശാസ്യമല്ല. ഇത്തരം പ്രവണതയുണ്ടെങ്കിൽ അതു് അവസാനിപ്പിക്കണമെന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് നിർദ്ദേശം കൊടുക്കണമെന്നു ഞാനാവശ്യപ്പെടുന്നു. പഞ്ചായത്തു് ജനാധിപത്യപരമായ സ്ഥാപനമാണു്, അധികാരവികേന്ദ്രീകരണമാണു് നടക്കുന്നതെന്നെല്ലാം പറയുന്നുണ്ടു്. ഇന്നു രാവിലെ റൂം 61-ൽ ഉന്നയിച്ച ഒരു കാര്യത്തെപ്പറ്റിയാണു് ഞാൻ പറയുന്നതു്. ഇന്നു് പഞ്ചായത്തിനു് 1000 രൂപാവരെയുള്ള എസ്റ്റിമേറു ഉണ്ടാക്കുന്നതിനുള്ള അധികാരമുണ്ടു്. എന്നാൽ ആ പ്രവൃത്തി ഏറ്റുകയാണെങ്കിൽ അതു് ചെക്കുമെഷർ ചെയ്യാൻ അസിസ്റ്റൻറു് എഞ്ചിനീയർ വരണം. മദ്രാസിൽ ഡെപ്യൂട്ടിപഞ്ചായത്തു് ഓഫീസറന്മാർക്കു് ഇതിനുള്ള അധികാരം ഉണ്ടായിരുന്നു. റൂം ഉണ്ടാക്കിയപ്പോൾ ഇവിടെ ഇങ്ങനെ ഒരു മാറ്റം വരുത്തിയതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. 1000 രൂപാവരെയുള്ള എസ്റ്റിമേറു ഉണ്ടാക്കാനുള്ള അധികാരം പഞ്ചായത്തിനു കൊടുക്കുമ്പോൾ ആ പ്രവൃത്തി ചെക്കുമെഷർ ചെയ്യാനുള്ള അധികാരങ്ങൾ പഞ്ചായത്തു ഇൻസ്പെക്ടർക്കു കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്. പിന്നെ പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർ എസ്റ്റിമേറു ഉണ്ടാക്കുമ്പോൾ അവർക്കു് സൈറ്റേജു് പ്രാജ്ജു് കൊടുക്കണമെന്നു നിർബന്ധിക്കുന്നതുണ്ടു്. റൂം പ്രകാരം അതിൻറെ ആവശ്യം കാണുന്നില്ല ഇത്തരത്തിലുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി കാര്യമായി ശ്രദ്ധിക്കുകയാണെങ്കിൽ പരിഹരിക്കാൻ കഴിയു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ]

മെന്നും, അങ്ങനെ ഗ്രാമപ്രദേശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള പഞ്ചായത്തുകളും, കമ്മ്യൂണിറ്റി പ്രോജക്റ്റുകളും നല്ല നിലയിൽ അഭിവൃദ്ധിപ്പെടുത്താൻ ശ്രമിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ.കെ. മൊയ്തീൻകുട്ടിഹാജി: പഞ്ചായത്ത് വികസന കാര്യങ്ങളെ സംബന്ധിച്ചാണ് ഞാൻ ആദ്യമായി സംസാരിക്കുന്നത്. നമ്മുടെ നാട്ടിന്റെ ദേശീയ വികസനത്തിൽ അതിപ്രധാന ഘടകമെന്നനിലയിൽ പഞ്ചായത്തുകൾ ഉടലെടുത്തിരിക്കുകയാണ്. കുറെ നേട്ടങ്ങളും, കോട്ടങ്ങളും ഉണ്ടായാലും ഇന്നു പഞ്ചായത്തുകൾ നിലവിൽവന്നു. അത് നിലവിൽ വന്നതിനുശേഷം അതിന്റെനടത്തിപ്പിനെ സംബന്ധിച്ചിടത്തോളം പല വൈഷമ്യങ്ങളും ഇവിടെ എന്റെ സ്നേഹിതന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. 922 പഞ്ചായത്തുകൾ നമ്മുടെ സ്റ്റേറ്റിൽ നിലവിൽവന്നു. ഈ പഞ്ചായത്തുകൾ നിലവിൽ വരുന്നതിനുമുൻപു ഗവണ്മെന്റു ഒരു പാളിസി കൈക്കൊണ്ടിട്ടുണ്ടായിരുന്നു, തിരഞ്ഞെടുപ്പുകൂടാതെ അധികാരത്തിൽ വരുന്ന പഞ്ചായത്തുകൾക്ക് സഹായം ചെയ്യുമെന്നു്. അങ്ങനെ നമ്മുടെ സംസ്ഥാനത്തു നാലെണ്ണമാണ് തിരഞ്ഞെടുപ്പുകൂടാതെ വന്നതു്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നന്ദിയോടെ പഞ്ചായത്തു് ഉൽഘാടനംചെയ്ത സമയത്തു് ആ പഞ്ചായത്തിനെ അഭിനന്ദിക്കുകയും, അതിനു ഗവണ്മെന്റു സഹായധനമെന്നനിലയിൽ 10000 രൂപാ കൊടുക്കാമെന്നു പ്രസംഗിച്ചതായും തോന്നുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ: തുക ഇത്രയാണെന്നു ഞാൻ പറഞ്ഞില്ല. അവർ അതു് ആവശ്യപ്പെട്ട എന്നല്ലാതെ ഞാൻ അതു പറഞ്ഞില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: തിരഞ്ഞെടുപ്പിനുവേണ്ടി ചെലവു ചെയ്യുന്ന തുകയുടെ ഒരു വിഹിതം ഗവണ്മെന്റു കൊടുക്കാമെന്ന തത്വം അംഗീകരിച്ചിട്ടുണ്ടെന്നുള്ള അടിസ്ഥാനത്തിലാണ് അങ്ങനെ സഹായധനം നൽകുന്നതു്. ഞാൻ നാലഞ്ചു ദിവസം മുൻപു ചോദിച്ച ചോദ്യത്തിനു ഒരു മറുപടി തന്നിട്ടില്ല. തിരഞ്ഞെടുപ്പു കൂടാതെ എത്രയെണ്ണം വന്നുവെന്നു ചോദിച്ചാൽ നാലെണ്ണം വന്നുവെന്നു പറയാനെ എന്താണു പ്രയാസം?

ശ്രീ. കെ. എ. ദാമോദരമേനോൻ: നാലെണ്ണം എന്നുപറഞ്ഞു. അവർക്ക് പാരിതോഷികം കൊടുക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടെന്നും പറഞ്ഞു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: എവിടെയോതകരാറുണ്ട്. ഞങ്ങൾ മേശപ്പുറത്തുവച്ച ഉത്തരത്തിൽ പരതിനോക്കി. അവിടെയൊന്നും അതു കണ്ടില്ല. ഗവണ്മെന്റു ഉദ്ദേശിച്ച പാളിസി നടപ്പിൽ വരുത്താൻ വരുന്ന തകരാറു എവിടെയാണെന്നു് പരിശോധിച്ച് നമ്മുടെനാട്ടിലെപഞ്ചായത്തുകൾക്ക് ആവശ്യമായ അധികാരവികേന്ദ്രീകരണം നൽകി ഈ നാടിന്റെ പുരോഗമനത്തിനു് പഞ്ചായത്തിലേക്ക് തെരഞ്ഞെടുത്ത ജനപ്രതിനിധികളുടെ സേവനം ഉപയോഗപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളതു്. അടുത്തതായി പഞ്ചായത്തു സ്റ്റാഫിന്റെ കാര്യമാണു പറയാനുള്ളതു്. മലബാർ ഭാഗത്തു് ഒരു അംശത്തെ പ്രതിനിധീകരിക്കുന്ന പഞ്ചായത്തുകളുണ്ടായിരുന്നു. ഇന്നു് രണ്ടും മൂന്നും അംശങ്ങൾ കൂടിച്ചേർന്നു് പഞ്ചായത്തുകൾ രൂപാന്തരപ്പെട്ടു. മുൻപുണ്ടായിരുന്നതിനെക്കാൾ കൂടുതൽ സ്റ്റാഫ് ഇന്നു് ആവശ്യമാണു്. ഇന്നത്തെ സ്ഥിതി എന്താണു്? നേരത്തേയുള്ളതിനെക്കാൾ കുറഞ്ഞിരിക്കുന്ന അവസ്ഥയാണുള്ളതു്. തിരൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം എന്റെ സ്വന്ത അനുഭവമാണു് ഞാൻ പറയുന്നതു്. ഈ കാര്യങ്ങളെല്ലാം പുനഃപരിശോധിച്ച് അതു ശരിപ്പെടുത്തണമെന്ന എനിക്ക് അഭ്യർത്ഥനയുണ്ട്. നാം ഉദ്ദേശിച്ചിരുന്നതു് 148 ബ്ലോക്കുകൾ നിലവിൽ വരുത്തണമെന്നായിരുന്നു. 1963 മേയോടുകൂടി ഇതെല്ലാം നടപ്പിൽ വന്നു. സ്റ്റേജ് 1, 2, രണ്ടു കഴിഞ്ഞതും ഉണ്ട്. ഇന്നു് ഇതിന്റെ എല്ലാം പ്രവർത്തനങ്ങൾ വളരെ ആത്മാർത്ഥമായി നടക്കുന്നുണ്ടോ എന്നു പരിശോധിച്ചാൽ കുറെ പെട്രോൾ കത്തിച്ചു ജീപ്പുകൾ ഓടിക്കുന്നതിനാണു്

LIBRARY ARCHIVES Kerala Legislative Assembly

ഭീമമായ സംഖ്യ ചെലവുചെയ്യുന്നതെന്നു പരാതിയുണ്ട്. അതു മാറ്റാനുള്ള പരിശ്രമം നടത്തണം. കാർഷികരംഗത്തു് കൂറെ പ്രയോജനം ഉണ്ടായിട്ടുണ്ട്. സ്ഥലം സ്ലെയിൽ ഇൻഡ്സ്ട്രീസ് ബ്ലോക്കിൽ കൂടി നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചതു് പല ഭാഗത്തും നടപ്പിൽ വന്നിട്ടില്ല. ഇൻഡ്സ്ട്രീസിന്റെ ചാർജ്ജ് കൂടി വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ ആത്മാർത്ഥമായ പരിശ്രമം നടത്തണം. ഞാൻ മനസ്സിലാക്കുന്നതു ചില സ്ഥലങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വിധത്തിൽ ഈ കാര്യങ്ങൾ നടത്താൻ ആ പ്രദേശങ്ങളിലെ പരിതഃസ്ഥിതി വച്ചുകൊണ്ടു് സാധിക്കുന്നില്ലാ എന്നാണു്. ഏതെല്ലാം ഇൻഡ്സ്ട്രീസ് ആണു് ഓരോ പ്രദേശത്തേയ്ക്കും അനുരൂപമായിട്ടുള്ളതെന്നു ഒരു സർവ്വേ നടത്തി അതനുസരിച്ചു മുന്നോട്ടു പോയാൽ ഈ കാര്യങ്ങൾ വളരെ ഭംഗിയായി നമുക്കു നടത്താൻ കഴിയും. ബ്ലോക്കുകമ്മിറ്റികൾ പഞ്ചായത്തു് തിരഞ്ഞെടുത്തു അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിപ്പിച്ചിട്ടില്ല. അതുകൊണ്ടു് പ്രായോഗികമായ ചില വിഷമങ്ങൾ ഉണ്ടു്. മുൻപുണ്ടായിരുന്ന പഞ്ചായത്തിലെ പ്രതിനിധികൾ ബ്ലോക്കുകമ്മിറ്റികളിൽ തിരഞ്ഞെടുത്തു വന്നിട്ടുള്ളവർ ഇന്നു് അധികാരത്തിൽ ഇരിക്കുകയാണു്. ഇത്തരം ആളുകളെ മാറ്റി ഈ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കണമെന്നു ഈ അവസരത്തിൽ ഞാൻ ബഹുമന്ത്രിയെ ഓർമ്മിപ്പിക്കുകയാണു്. അതിനുള്ള നടപടികൾ വളരെ ദ്രുതഗതിയിൽ എടുക്കണം. പഞ്ചായത്തുകളിലുള്ള കോവാപ്പറേറ്റീവ് എക്സ്റ്റൻഷൻ ഓഫീസറന്മാർക്കും മറ്റും മലബാർഭാഗത്തും തിരുവിതാംകൂർ ഭാഗത്തും ചില അന്തരം കാണുന്നുണ്ടു്. അതു് ഏകീകരിക്കാനുള്ള പരിശ്രമം നടത്തണം. അതിനു ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചു പെട്ടെന്നു് നടപടിയെടുക്കണം. ലോക്കൽ ഡെവലപ്പ്മെന്റു കാര്യത്തെ സംബന്ധിച്ചിടത്തോളം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്നു് വില്ലേജ് വാട്ടർ സപ്ലൈസ്ക്കീമിനു മാത്രമേ പണം ചെലവുചെയ്യാൻ നിവൃത്തിയുള്ളു. ആ നില മാറ്റണം. മുൻപു എൽ. ഡി. വക്കിൽ അപേക്ഷിച്ചു നമ്മുടെനാട്ടിൽ പല ഭാഗങ്ങളിലും റോഡുകൾ ഉണ്ടാക്കിയിട്ടുണ്ടു്. ഇന്നു് ആ റോഡുകൾ ആരുമാരും ഇല്ലാതെ അനാഥനിലയിൽ കിടക്കുകയാണു്. റോഡുകൾ മിക്കവാറും തോടുകളായി രൂപാന്തരപ്പെട്ടിട്ടുണ്ടു്. അവിടെ മെയിൻറനൻസ് നടക്കാത്തതുകൊണ്ടാണു് ഈനിലവന്നിട്ടുള്ളതു്. 56 ലക്ഷം രൂപാ ഈ ഇനത്തിലേക്കു് കൊള്ളിച്ചിട്ടുണ്ടു്. അതിൽ സിംഹഭാഗവും റിപ്പയർ വർക്കിനു ഉപയോഗിക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ബ്ലോക്കു് ഹെഡ്കുവാർട്ടേഴ്സിനെ സംബന്ധിച്ചിടത്തോളം ഒരു വാക്കു പറയാനുണ്ടു്. നാട്ടുകാർ സ്ഥലം വാങ്ങിച്ചു അവരുടെ വിഹിതം കൊടുത്തു കഴിഞ്ഞാൽ ഈ കാര്യത്തിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ലെന്നാണു് ഞാൻ വിശ്വസിച്ചതു്. അടിയന്തിരാവസ്ഥ പരിഗണിച്ചു് എല്ലാസ്ഥലങ്ങളിലും ബ്ലോക്കു് ഹെഡ്കുവാർട്ടേഴ്സിന്റെ പണി നിറുത്തൽ ചെയ്തിരിക്കുകയാണു്. ഈ സന്ദർഭത്തിലാണു് കഴിഞ്ഞകൊല്ലം വാഴൂർ ബ്ലോക്കിൽ പണി നടന്നതു്. എന്റെ നാട്ടിലാണെങ്കിൽ നാട്ടുകാർ സ്ഥലംവാങ്ങി കൊടുത്തതു് വളരെ അനാഥമായി കിടക്കുകയാണു്. അതു് ഇന്നു ബ്ലോക്കിന്റെ കയ്യിലാണു്. ജനങ്ങളും ഗവണ്മെന്റും സഹകരിച്ചു പോകുന്നില്ലെങ്കിൽ ഇത്തരം പദ്ധതികളോടു് ജനങ്ങൾക്കു് അതൃപ്തിയുണ്ടാകും. അതുകൊണ്ടു് സ്ഥലം സംഭാവനചെയ്യുകയും, അതിനാവശ്യമായ തുക സംഭാവന ചെയ്യുകയും ചെയ്തിട്ടുള്ള സ്ഥലങ്ങളിലെല്ലാം ബ്ലോക്കു ഹെഡ്കുവാർട്ടേഴ്സ് ഉണ്ടാകാനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണു്. ഇന്നു് അൻപതു മുതൽ എഴുപത്തിയഞ്ചുരൂപാവരെ വാടകകൊടുക്കുന്നുണ്ടു്. നാം ചിലവുചെയ്യുന്ന പണത്തിന്റെ പലിശയെക്കാളും കൂടുതൽ ഈ ഇനത്തിൽ പണം ചെലവാകുന്നുണ്ടെന്നുള്ളതിനെ പരിഗണിച്ചു ഇതു് അടിയന്തരമായി ചെയ്യേണ്ടകാര്യമാണു്.

പലസ്ഥലങ്ങളിലും ഹെൽത്തു സെന്ററുകൾ, സബ് സെന്ററുകൾ സ്ഥാപിക്കാൻ ആലോചനയുണ്ടു്. സ്ഥലങ്ങളും നാട്ടുകാർ വാങ്ങികൊടുത്തിരിക്കുകയാണു്. ചിലസ്ഥലങ്ങളിൽ വാടകകൂടാതെ കെട്ടിടങ്ങളും നാട്ടുകാർ വിട്ടുകൊടുത്തിട്ടുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഹെൽത്തു centres സ്ഥാപിക്കുവാനും അതിനോടനുബന്ധിച്ചു സബ് സെന്ററുകൾ നടത്താനും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

ആവശ്യമായ നടപടികളും എടുക്കണമെന്നു അഭ്യർത്ഥിക്കുന്നു. പല ബ്ലോക്കുകളിലും ഇന്നു് പവ്വർ സപ്ലൈ സംബന്ധിച്ചു വിഷമമുണ്ടു്. ആവശ്യമുള്ളതു കൊടുക്കാൻ സാധിക്കുന്നില്ല. ഇന്നത്തെ പരിതസ്ഥിതി അതാണു്. മിനിമം ഗ്യാറൻറി എകു്സികൃൂട്ടു് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ പവ്വർ സപ്ലൈ ചെയ്യാൻ എന്തുചെയ്യണമെന്നു ഗവണ്മെൻറു പരിശോധിക്കണം. അതിനാവശ്യമായ നടപടികളും എടുക്കണമെന്നു അഭ്യർത്ഥിക്കുന്നു. ഇന്നു് കുറെയധികം ബി. ഡി. ഒ. മാരെ ഓപ്പൺ മാർക്കറ്റിൽനിന്നും തിരഞ്ഞെടുത്തിട്ടുണ്ടു് അവർ മിക്കവാറും റാ ഹാൻസാണു". അവർക്കു് ട്രെയിനിംഗു് നൽകി ബ്ലോക്കുകാര്യങ്ങളെ സംബന്ധിച്ചിടത്തോളം പരിശീലനമുള്ളവരായി തീരാൻ ആവശ്യമായ നടപടികളും എടുക്കണം. അഖിലേൻഡ്യാടിസ്ഥാനത്തിലായിരിക്കണം, ട്രെയിനിംഗു് ആഫു് പഞ്ചായത്തു് സെക്രട്ടറീസു് എന്നുള്ള ഹെഡ്ഡിൽ ഒരുലക്ഷത്തിഎഴുപതിനായിരം രൂപ വകയിരുത്തിയിട്ടുണ്ടു്. പഞ്ചായത്തിൽ സെക്രട്ടറി ഇല്ല. പഞ്ചായത്തു് എക്സിക്യൂട്ടീവു് ഓഫീസറന്മാരെ സെക്രട്ടറി എന്നു പറയാറുമില്ല. ട്രെയിനിംഗു് ആഫു് പഞ്ചായത്തു് സെക്രട്ടറീസു് എന്നുള്ള ഇനത്തിലാണു് വകയിരുത്തിയിട്ടുള്ളതു്. ഇതു് അഖിലേൻഡ്യാടിസ്ഥാനത്തിലാണെങ്കിൽ എക്സിക്യൂട്ടീവു് ഓഫീസറന്മാരുടെ പേരു് സെക്രട്ടറി എന്നു മാറ്റിക്കൂടേ? ഇവർ പണം സ്വയം ചെലവുചെയ്തു് ട്രെയിനിംഗു് നടത്തുന്നവരാണു്. ഗവണ്മെൻറു ട്രെയിനിംഗിനു് ഈ പണം ചെലവു ചെയ്യുന്നതു് ഏതു വിധത്തിലാണെന്നുമനസ്സിലാക്കി ഇവർക്കു് ആവശ്യമായ ട്രെയിനിംഗു് നൽകി അഖിലേൻഡ്യാടിസ്ഥാനത്തിൽ ഇവരുടെ പേരു് സെക്രട്ടറി എന്നു മാറ്റാമോ എന്നു പരിശോധിക്കണം. ഇത്രയും കാര്യങ്ങളേ സമയച്ചുരുക്കംകൊണ്ടു പറയുന്നുള്ളു. പഞ്ചായത്തു ജോലികാർക്കു് എസ്റ്റിമേറു തയ്യാറാക്കുന്നതിൽ ഇന്നു വളരെയേറെ വൈഷമ്യം ഉണ്ടു്. ഈ കാര്യങ്ങളെല്ലാം പരിശോധിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. എം. സി. ഏബ്രഹാം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണു്. ഈ സാമൂഹ്യവികസന പരിപാടികളുടെ കാര്യത്തിലായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലായാലും നമ്മുടെ സംസ്ഥാനത്തിനു വലുതായ നേട്ടങ്ങളും കൈവന്നിട്ടുണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചു ഈയവസരത്തിൽ ഉന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഇവിടെ ഈ പഞ്ചായത്തുതെരഞ്ഞെടുപ്പുകളും നടന്നു. വാസ്തവത്തിൽ അതു ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിപ്രധാനമായ ഒരു സംഭവമാണു്. ഈ സംസ്ഥാനത്തെ 922 പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പുകളും 9 ദിവസംകൊണ്ടു നടക്കുകയുണ്ടായി. ആ തെരഞ്ഞെടുപ്പിനുണ്ടായിരുന്ന ഒരു പ്രത്യേകത അതു കക്ഷിരഹിതമായ ഒരു തെരഞ്ഞെടുപ്പായിരുന്നു എന്നുള്ളതാണു്. ഇതിനുമുമ്പെല്ലാം രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളെ നിറുത്തുകയും മത്സരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി കക്ഷിരഹിതമായ ഒരു തെരഞ്ഞെടുപ്പാണു് ഇവിടെ നടത്താൻ ഇടയായതു്.

ശ്രീ. ഈ. പി. ഈപ്പൻ: ഈ കക്ഷിരഹിതമായ പഞ്ചായത്തു തെരഞ്ഞെടുപ്പാണു് എന്നു പറഞ്ഞിട്ടു ഈ പത്രങ്ങളും കോൺഗ്രസിൻെറ ഔദ്യോഗിക വക്താക്കളും കോൺഗ്രസിൽനിന്നും ഇത്ര മെമ്പറന്മാർ ജയിച്ചിട്ടുണ്ടു് എന്നെല്ലാം പറയുന്നുണ്ടു്. ഇതിൽ എന്താണു് വാസ്തവം?

ശ്രീ. എം. സി. ഏബ്രഹാം: കോൺഗ്രസു് സ്ഥാനാർത്ഥികളെ നിറുത്തീട്ടില്ലായിരുന്നു എന്നുള്ളതാണു് വാസ്തവം. ഇവിടത്തെ കോൺഗ്രസു് പാർട്ടിയാണു് ഈ ആശയംകൊണ്ടുവന്നതു്. ആ നിർദ്ദേശത്തോടു ഇവിടത്തെ രാഷ്ട്രീയ കക്ഷികളും സഹകരിക്കുകയും തെരഞ്ഞെടുപ്പു നടക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ: അഖിലേൻഡ്യാ കാണ്ഗ്രസ്സുകാർ കക്ഷിരഹിതമായി പഞ്ചായത്തുതെരഞ്ഞെടുപ്പു നടത്തണമെന്നു പറഞ്ഞപ്പോൾ കേരളത്തിൽ കാൺഗ്രസ് കക്ഷിയടിസ്ഥാനത്തിൽ പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്താൻ തങ്ങളെ അനുവദിക്കണമെന്നു പ്രമേയം പാസ്സാക്കി അയയ്ക്കുകയുണ്ടായി എന്നും, അഖിലേൻഡ്യാ കാൺഗ്രസ് അതു സമ്മതിച്ചില്ലാ എന്നും പത്രങ്ങളിൽ കാണുകയുണ്ടായി. ശ്രീമാൻ സ്റ്റീഫന്റെ ഒരു പ്രസ്താവനയും അതു സംബന്ധിച്ചു പത്രത്തിൽ കണ്ടതു ശരിയാണോ?

ശ്രീ. എം.സി. ഏബ്രഹാം: അങ്ങനെ അപേക്ഷിക്കുകയുണ്ടായി. പക്ഷെ അതു അനുവദിച്ചില്ല. ഏതായാലും അങ്ങനെ കക്ഷിരഹിതമായി തെരഞ്ഞെടുപ്പു നടത്തിയതുകൊണ്ടു മിക്കവാറും ഗ്രാമങ്ങളിൽ ആളുകളുടെ ഇടയിൽ മുമ്പുകാലത്തെ അപേക്ഷിച്ചു കൂടുതൽ സഹകരണത്തോടും ഐക്യത്തോടുംകൂടിയുള്ള ഒരു പശ്ചാത്തലം സൃഷ്ടിച്ചിട്ടുണ്ട്. സ്വയംഭരണ സ്ഥാപനങ്ങളെപ്പോലെയുള്ള ഇങ്ങനെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ തീർച്ചയായും ഈ ഗ്രാമീണ ജനങ്ങളുടെ ഇടയിൽ ഐക്യവും യോജിപ്പും ഉണ്ടാകേണ്ടതു അത്യാവശ്യമായിട്ടുള്ള കാര്യമാണു്. അങ്ങനെ 922 പഞ്ചായത്തുകളും ഈ ജനുവരിമാസം ഒന്നാംതീയതിമുതൽ പ്രവർത്തനത്തിൽവന്നു.

അങ്ങനെ പ്രവർത്തനത്തിൽവന്നു എങ്കിലും നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ പ്രവർത്തനത്തെപ്പറ്റി പറയുകയാണെങ്കിൽ അവയുടെ വിസ്തീർണ്ണത്തെ സംബന്ധിച്ചും ജനസംഖ്യയുടെ വർദ്ധനവും മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ചു വളരെക്കൂടുതലും മിക്കവാറും എല്ലാ പഞ്ചായത്തുകളിലേയും വരുമാന മാർഗ്ഗങ്ങളും പരിമിതവുമാണു്. അങ്ങനെ പരിമിതമായ ആദായമാർഗ്ഗങ്ങളും ഉള്ളതായ ഈ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുന്ന പല കർത്തവ്യങ്ങളും നിറവേറ്റാൻ സാധിക്കുന്നില്ല. ഇന്നു പഞ്ചായത്തുകളിൽ നേരിട്ടു പിരിക്കുന്ന സംഖ്യയും ഗവണ്മെൻറിൽനിന്നും ഗ്രാൻറും ലോണുമായി കൊടുക്കുന്ന സംഖ്യയും നാം ഒന്നു പരിശോധിക്കുകയാണെങ്കിൽ ഗവണ്മെൻറിൽനിന്നും 42 ശതമാനം വരുന്ന സഹായം ഇന്നു പഞ്ചായത്തുകൾക്കു നാംകൊടുത്തിരിക്കുകയാണു്. മൊത്തം വരുമാനത്തിന്റെ 42 ശതമാനം ഗ്രാൻറായിട്ടും ലോണായിട്ടും ഇന്നു പഞ്ചായത്തുകൾക്കു് ഗവണ്മെൻറിൽനിന്നും നാംകൊടുക്കുന്നതാണു്. പഞ്ചായത്തുകളുടെ ഈ സാമ്പത്തിക നില അഭിവൃദ്ധിപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമായിട്ടുള്ള കാര്യമാണു്. അങ്ങനെ കൂടുതൽ ധനാഗമ മാർഗ്ഗങ്ങളും പഞ്ചായത്തുകൾക്കുണ്ടായില്ലെങ്കിൽ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങളും നിറവേറ്റാൻ സാധിക്കയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക നിലയേയും മറ്റുംപറ്റി അന്വേഷണം നടത്തുന്നതിനായിട്ടു കേന്ദ്ര ഗവണ്മെൻറിൽനിന്നും ഒരു കമ്മീഷനെ ഏർപ്പെടുത്തുകയുണ്ടായി. ഈ സന്താനം കമ്മറ്റി പഞ്ചായത്തു രാജിനെപ്പറ്റി അന്വേഷിച്ചു. സന്താനം കമ്മറ്റിയുടെ റിപ്പോർട്ടിൽ ഒരു കാര്യം പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു. ഈ പഞ്ചായത്തു അടിസ്ഥാനത്തിൽ പെർക്യാപിറ്റാ ഒരു രൂപാ എങ്കിലും വരുമാനം, പ്രതിശീർഷവരുമാനമെങ്കിലും ഉണ്ടാകണം എന്നും ബ്ലാക്കുകളിൽ 10 രൂപാ വരുമാനമുണ്ടാകണമെന്നുമാണു് പറഞ്ഞിരിക്കുന്നതു്. പക്ഷേ, ആ ലക്ഷ്യം പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പ്രാപിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ പതിയണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. ഈ പഞ്ചായത്തു രാജു് നടപ്പിൽവരുത്തുന്ന കാര്യത്തിലും ഊർജ്ജിതമായ നടപടിതന്നെയാണെടുത്തുകൊണ്ടിരിക്കുന്നതു്. 1963-ലെ പ്രധാന നടപടിയായിട്ടുവേണം നാം അതിനെ കരുതാൻ. ഈ പഞ്ചായത്തു രാജിന്റെ അടിസ്ഥാന ഘടകമായ തെരഞ്ഞെടുപ്പു നടന്നു. 922 പഞ്ചായത്തുകളും ഇപ്പോൾ നടപ്പിൽ വന്നിട്ടുണ്ടു്. പഞ്ചായത്തു രാജു് നടപ്പിൽവരുത്തുവാൻ വേണ്ടി പഞ്ചായത്തു യൂണിയൻ കൗൺസിൽ ഉൾപ്പെട്ട ജില്ലാ പരിഷത്തുബിൽ ഈ നിയമസഭയുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ടു്. അതു ഇന്നു ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണു്. ആ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ഈ പഞ്ചായത്തു രാജു് രൂപേണ വ്യവസ്ഥിതിയിൽ പഞ്ചായത്തുകളും, ബ്ലാക്കു് തലത്തിൽ പഞ്ചായത്തു യൂണിയൻ കൗൺസിലുകളും ജില്ലാതലത്തിൽ ജില്ലാ പരിഷത്തും ഇങ്ങനെയുള്ള ഘടകങ്ങളും ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥയാണു് ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. സി. എബ്രഹാം]

ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഈ പഞ്ചായത്തുയൂണിയൻ കൗൺസിലുകൾതന്നെ അതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നതിനുള്ള വ്യവസ്ഥകളെല്ലാമുണ്ടു്. അതിനു വളരെയധികം അധികാരങ്ങളും ബ്ലാക്കുലവലിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. എന്നാൽ ജില്ലാ പരിഷത്തിനു അതിനെ ഉപദേശിക്കുന്നതിനുള്ള അധികാരമാണു്[ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. എന്നാൽ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഗുജറാറ്റിലും, ആന്ധ്രായിലും ജില്ലാ പരിഷത്തിലെ ചെയർമാൻ തെരഞ്ഞെടുക്കപ്പെടുന്ന ആളാണു്. ഇവിടെ അങ്ങനെയല്ല. നമ്മുടെ ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചു് ജില്ലകളക്ടറായിരിക്കും ജില്ലാപരിഷത്തിന്റെ ചെയർമാൻ. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ ജില്ലാ പരിഷത്തിന്റെ ചെയർമാൻ തെരഞ്ഞെടുക്കപ്പെടുന്ന ആളാണു്. ആ ചെയർമാനു്വളരെഅധികം അവകാശവും അധികാരവും ഉണ്ടു്. എന്നാൽ നമ്മുടെ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതനുസരിച്ച ചെയർമാനു് ഉപദേശിക്കാനുള്ള അവകാശം മാത്രമേയുള്ള. അക്കാര്യത്തെപ്പറ്റി കൂടുതലായിപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

വേറൊരു കാര്യം പറയാനുള്ളതു്, വില്ലേജു കോർട്ടു് ആക്റ്റു 1960—ൽ നാം പാസാക്കി. അതു ഇന്നുവരേയും നടപ്പിൽ വരുത്തീട്ടില്ല. തീർച്ചയായും അതു കഴിയുന്നതുംവേഗം നടപ്പിൽവരുത്തണം എന്നാണെനിക്കീയവസരത്തിൽ പറയാനുള്ളതു്. അതിനുകാരണം എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം ഇതുവരെ അതിന്റെ റൂൾസ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലാ എന്നാണു്. ഏതായാലും പഞ്ചായത്തുകൾ നടപ്പിൽവന്നിരിക്കുകയാണു്. പഞ്ചായത്തു്, മുനിസിപ്പാലിറ്റി, ടൗൺഷിപ്പു്, കാർപ്പറേഷൻ ഇവ നടപ്പിൽവന്നുകൊണ്ടിരിക്കുന്നേ സ്ഥിതിക്കു ഓരോ വില്ലേജു കോർട്ടുകൂടി സ്ഥാപിച്ചുകഴിഞ്ഞാൽ നാം ഉദ്ദേശിക്കുന്നതു ഗുണം നമ്മുടെ ആളുകൾക്കുണ്ടാകും.

മറ്റൊരുകാര്യം എനിക്കു പറയാനുള്ളതു്, ഈ പഞ്ചായത്തു എംപ്ലോയീസിനെ സംബന്ധിച്ചാണു്. അവർക്കു ഒരു കാമൺസർവീസ് ഉണ്ടാക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു ബിൽ ഈ സഭയിൽ അവതരിപ്പിക്കുകയും അതു സെലക്ടുകമ്മിറ്റിക്കു് അയയ്ക്കുകയും ചെയ്തിട്ടുണ്ടു് അതായതു് The Kerala Public Service Commission (Additional Functions as Respects the services of Local Authorities) Bill, 1963).

ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന എംപ്ലോയീസിനെ സംബന്ധിച്ചിടത്തോളം ഒരു കാമൺ സർവീസ് സൃഷ്ടിക്കേണ്ടതാവശ്യമാണു്. ഇതെല്ലാം പബ്ലിക്കു് സർവ്വീസ് കമ്മിഷൻ വഴി നടക്കുന്നതായാൽ അവക്കു കൂടുതൽ സ്ഥിരതയും കൂടുതൽ പ്രയോജനവും ഉണ്ടാകുമെന്നുള്ള കാര്യം ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടു്. അങ്ങനെ പല കാര്യങ്ങളും എടുത്തു നോക്കുകയാണെങ്കിൽ ഈ പഞ്ചായത്തു രംഗത്തു വളരെ അധികം നേട്ടങ്ങളുണ്ടായിട്ടുണ്ടു് എന്നു കാണാൻ സാധിക്കും. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. എ. മാത്യു: സർ, ഞാൻ ഈ ഡിമാൻറുകളെ സർവ്വാത്മനാ പിൻതാങ്ങുകയാണു്. വളരെയധികം വിമർശനങ്ങൾക്കു വിധേയമാകാവുന്ന പ്രവർത്തനപരിപാടി ഉൾക്കൊള്ളുന്നതാണു് ദേശീയ വികസനബ്ലാക്കുകൾ. സംസ്ഥാനവ്യാപകമായിതന്നെ പ്രവർത്തനമുള്ളതും വെണ്ടരീതിയിൽ കോഓർഡിനേഷനില്ലെങ്കിൽകൂടി എല്ലാ ഡിപ്പാർട്ടുമെൻറുകളുമായി അടുത്തബന്ധം പുലർത്തേണ്ടതും മിക്കവാറും ഗ്രാമീണ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ശ്രദ്ധ ചെലുത്തുവാനും ഒരു ആധുനിക ഇൻഡ്യാ പാരേറൺ അനുസരിച്ചു നമ്മുടെ ഗ്രാമങ്ങളുടെ പുരോഗതിയുമായി പൊരുത്തപ്പെടാൻ ആവശ്യമായ പദ്ധതികളും ഉൾക്കൊള്ളുന്ന ഈ വകുപ്പു ഇന്നത്തെ രീതിയിൽ വളരെ അധികം വിമർശിക്കപ്പെടുന്നു എങ്കിൽകൂടി അതിൽ അത്ഭുതത്തിനു യാതൊരു കാര്യവുമില്ല. അതിലും ഉപരിയായിട്ടു ഈ എമർജൻസിയുടെ പേരിൽ ഇതിനുള്ള അലോട്ടുമെൻറിൽ കാര്യമായ ഒരു കുറവും സംഭവിച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

1961-62-ൽ 204 ലക്ഷം രൂപ ഈ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ 1963-64-ൽ വികസന ബ്ലോക്കുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നുള്ളകാര്യം ഓർക്കുന്നതോടൊപ്പം അതിനുവേണ്ടിയുള്ള തുക 148 ലക്ഷമായിട്ടു ചുരുക്കിയിരിക്കുകയുമാണു്. അലോട്ടുമെന്റിൽ ഇങ്ങനെ കാര്യമായ ഒരു കുറവു സംഭവിച്ചിരിക്കുന്നു. എന്നു ഈ സംസ്ഥാനത്തിന്റെ എല്ലാമേഖലകളിലും വികസനപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്ന അവസരത്തിൽ അലോട്ടുമെന്റിൽ ഇപ്രകാരം ഒരു കുറവു വന്നതു വളരെ അധികം ആക്ഷേപങ്ങൾക്കു ഇടനൽകുമെന്നുള്ളതു വിസ്മരിച്ചുകൂടാ. എന്തായിരുന്നാലും, ഇവിടത്തെ അനുഭവം വച്ചുനോക്കിയാൽ നാം കുറെയൊക്കെ വിജയിച്ചിട്ടുണ്ടു് എന്നു കാണാൻ സാധിക്കും.

അതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയുടെ വിനിമയം എങ്ങനെ, പരമാവധി തുക ചെലവഴിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചാൽ ഈ രംഗത്തു നേട്ടമുണ്ടായിട്ടുണ്ടെന്നു കാണാം. മൂന്നാം പദ്ധതിയിൽ വികസനപ്രവർത്തനങ്ങൾക്കായി ബ്ലോക്കുകൾക്കു 805 ലക്ഷം രൂപയാണു് കൊള്ളിച്ചിരുന്നതു്. ഈ കഴിഞ്ഞ രണ്ടരെ കൊല്ലത്തിനകം 456 ലക്ഷം രൂപാ, അതായതു് 56 ശതമാനം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളതു് ഒരു അഭിവൃദ്ധിതന്നെയാണു്.

12 NOON] 1963-64 ലേക്കു് 140 ലക്ഷം രൂപാ നീക്കിവച്ചിരുന്നതിൽ 105 ലക്ഷം രൂപാ വരെ ചെലവഴിച്ചിട്ടുണ്ടു്. അതു സൂചിപ്പിക്കുന്നതു് സ്തുത്യർഹമായനിലയിൽ പ്രവർത്തനം നടന്നിട്ടുണ്ടെന്നാണു്. ഫിസിക്കൽ ടാർജറ്റിൽ എത്രത്തോളം തുക, എങ്ങനെ വിനിയോഗിക്കുന്നു എന്നു അപഗ്രഥനം ചെയ്യുമ്പോഴും ഈ രംഗത്തു ചില പോരായ്മകളും അനുഭവപ്പെടുന്നതു് നാം സമ്മതിക്കുകയാണു്. കാർഷിക മേഖലയിൽ തൃപ്തികരമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു ശ്രീ. ഹാജി സൂചിപ്പിക്കുകയുണ്ടായി. അതൊരു വസ്തുതയാണു്. നമ്മുടെ സാധാരണ കർഷകരുടെ വരുമാനം വർദ്ധിക്കണമെങ്കിൽ, നമ്മുടെ കാർഷികരീതിയുടെ പ്രത്യേകത വച്ചുനോക്കുമ്പോഴും, ശാസ്ത്രീയമായ കൃഷിസമ്പ്രദായം ഈ രംഗത്തു് കൂടുതൽ ശ്രദ്ധാപൂർവ്വം സ്വീകരിക്കേണ്ടിയിരിക്കുന്നു. ആ നിലയിൽ കാർഷികരംഗത്തെ വികസന പ്രവർത്തനങ്ങളും വിജയകരമായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിന്റെ മുഴുവൻ വിശദാംശങ്ങളും ഇവിടെ പറയണമെന്നു വിചാരിക്കുന്നില്ല. നല്ലയിനം വിത്തുകളും വിതരണം ചെയ്യുന്നകാര്യത്തിൽ നാം വളരെ അധികം വിജയിച്ചിട്ടുണ്ടു്. 1961-62-ൽ, 20000 മണ്ണു് നല്ലയിനം വിത്തുകളും വിതരണം ചെയ്ത സ്ഥാനത്തു്, കഴിഞ്ഞ ആറുമാസത്തിനകം, 430000 മണ്ണു് നല്ലയിനം വിത്തുകളും കൃഷിക്കാരുടെ ഇടയിൽ വിതരണം ചെയ്യാൻ സാധിച്ചതു് വലിയ ഒരു നേട്ടമാണു്. അതുപോലെതന്നെ വളത്തിന്റെ കാര്യവും. വളത്തെ സംബന്ധിച്ചിടത്തോളം കർഷകരുടെ ഇടയിൽ ഒരു പുതിയ കാഴ്ചപ്പാടും, പ്രവണതയും വളർത്തുന്നതിനു് വികസന ബ്ലോക്കുകളിലെ ഉദ്യോഗസ്ഥന്മാർക്കു കഴിഞ്ഞിട്ടുണ്ടു്. അമോണിയം സൾഫേറ്റു്, 1961-1962-ൽ 43000 മണ്ണു വിതരണം ചെയ്തപ്പോൾ, കഴിഞ്ഞ ആറുമാസത്തിനകം ഒന്നരലക്ഷം മണ്ണു് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടു്. മറ്റു കെമിക്കൽ വളങ്ങളും കൂടുതലായി കർഷകർ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. 1961-1962-ൽ, ഫെർട്ടിലൈസേഴ്സു 6,40,000 മണ്ണു് വിതരണംചെയ്തപ്പോൾ, കഴിഞ്ഞ ആറുമാസത്തിനകം എട്ടു ലക്ഷം മണ്ണു് വിതരണംചെയ്തിട്ടുണ്ടു്. ആ നിലയ്ക്കു കാർഷികോൽപ്പാദനം അനേകമടങ്ങു് വർദ്ധിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. കാർഷികരംഗത്തു് ഒരു പുതിയ ചലനം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ഫിസിക്കൽ ടാർജറ്റിൽ എത്തത്തക്കവിധം കാര്യമായ പ്രവർത്തനം ഉണ്ടായിട്ടുണ്ടു്; അതിന്റെ നേട്ടം ഉണ്ടായിട്ടുണ്ടു്. എങ്കിലും വ്യവസായമേഖലയിൽ ഒരു ഉഷാർ കാര്യമായിട്ടു് വികസന പ്രവർത്തനംമൂലം ഉണ്ടായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്ന വ്യവസായങ്ങൾക്കുവേണ്ടി കുറേ തുക വിനിയോഗിക്കുന്നുണ്ടു്. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ, 18·2 ലക്ഷം രൂപാ നീക്കിവച്ചിരുന്നതിൽ ചെലവു് 5 ലക്ഷത്തിൽ കവിഞ്ഞിട്ടില്ല. തുണ്ടുതുണ്ടായി കൃഷിചെയ്യുന്നതുമൂലം വേണ്ടിടത്തോളം ആദായം കിട്ടാത്ത സാഹചര്യമുള്ളതിനാൽ, ഗ്രാമവ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും കൂടുതൽ കൂടുതൽ കർഷകരുടെ ഇടയിൽ ഉണ്ടാക്കാൻ മതിയായ പ്രേരണ വികസന ബ്ലോക്കുകൾ ഉണ്ടാക്കേണ്ടതു് വളരെ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

മാണു്. സാമ്പത്തികമായി കർഷകർക്കു ഒരു അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ വ്യവസായവികസനത്തിനുവേണ്ടി ബ്ലാക്കുകൾ കൂടുതൽ ശ്രദ്ധേ പതിപ്പിക്കേണ്ടിയിരിക്കുന്നു. ബ്ലാക്കുകളുടെ ഒന്നാം സ്റ്റേജിൽ, വ്യവസായവികസനത്തിനു വേണ്ടി ഏതാണ്ടു് 1.19 ലക്ഷം രൂപയും, രണ്ടാം സ്റ്റേജിൽ 50,000 രൂപയുമാണു കൊള്ളിച്ചിരിക്കുന്നതു്. എങ്കിലും ഈ തുക വേണ്ടിടത്തോളം ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു കാര്യത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഏതാണ്ടു 143 ബ്ലാക്കുകളിലായി രണ്ടുകോടി രൂപാ ഈ ആവശ്യത്തിനു വിനിയോഗിക്കാനുള്ള സൗകര്യം ഉണ്ടു്. അതു വിനിയോഗിക്കുന്നതിൽ വേണ്ടിടത്തോളം ശ്രദ്ധിച്ചില്ലെങ്കിൽ നാം വിജയിക്കുകയില്ല എന്നകാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അടുത്തകാലത്തു് തിരുവനന്തപുരത്തു്, പള്ളിത്തുറയിൽ പ്ലാസ്റ്റർ പൈപ്പു് ഇൻഡസ്ട്രിയൽ ടെയിനിംഗ് സെൻറർ ഉണ്ടാക്കിയിട്ടുണ്ടു്. അതിനു വേണ്ടി ഒന്നേകാൽ ലക്ഷം രൂപയോളം ഗവണ്മെൻറു വിനിയോഗിക്കുന്നുണ്ടു്. ആ രീതിയിൽ ഒരു പരിപാടി സ്വീകരിച്ചു് കഴിയുന്നതും മറ്റു ഡിസ്ട്രിക്റ്റുകളിൽ പുതിയ വ്യവസായങ്ങളും ആരംഭിക്കുന്നതിനു് വികസന ബ്ലാക്കുകളും തയ്യാറാകണമെന്നു് അറിയിച്ചുകൊണ്ടു് ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങിക്കൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. അനിരുദ്ധൻ: സർ, ബഹുമാനപ്പെട്ടമന്ത്രി അവതരിപ്പിച്ച രണ്ടു ഡിമാൻറുകളെയും ഞാൻ എതിർക്കുന്നു. കമ്മ്യൂണിറ്റി ഡെവലപ്മെൻറു്, റൂറൽ ഡെവലപ്മെൻറു് എന്നീ കാര്യങ്ങളെസംബന്ധിച്ചു ചർച്ചചെയ്യുമ്പോഴും, പ്രത്യേകിച്ചു കമ്മ്യൂണിറ്റി ഡെവലപ്മെൻറിനെപ്പറ്റി പറയുമ്പോഴും എത്ര തുക ഇതുവരെ ചെലവഴിക്കാൻ സാധിച്ചു, എത്ര വ്യവസായങ്ങളും ആരംഭിച്ചു, എത്ര വിത്തുകളും, വളങ്ങളും വിതരണം ചെയ്യാൻ സാധിച്ചു എന്നെല്ലാം പറഞ്ഞു് ഒരു വലിയ നേട്ടമായി കണക്കാക്കുന്നതു ശരിയല്ലെന്നാണു് എൻറെ അഭിപ്രായം. അതെല്ലാം നേട്ടങ്ങളാണെന്നുള്ള അഭിപ്രായത്തോടു് എനിക്കു യോജിപ്പില്ല. മാത്രമല്ല ഈ രംഗത്തു പരാജയമാണുണ്ടായിട്ടുള്ളതെന്ന അഭിപ്രായക്കാരനാണു ഞാൻ. കമ്മ്യൂണിറ്റി ഡെവലപ്മെൻറു പ്രത്യേകിച്ചു്. ഒരു അഖിലേൻഡ്യാ പാറേറൺ പ്രവർത്തനമായി അംഗീകരിച്ചിട്ടുള്ളതിനാൽ ഒരു ആധം റൗണ്ടു് ഡെവലപ്മെൻറാണു് ഉദ്ദേശിക്കുന്നതെന്നു് കേന്ദ്രമന്ത്രിയും, നമ്മുടെ മന്ത്രിയും, നമ്മളെല്ലാവരും സമ്മതിക്കും. ആധം റൗണ്ടു് ഡെവലപ്മെൻറുണ്ടാകാൻ കുറേ വിത്തു വിതരണവും, വളം കൊടുക്കലും, ലോൺ കൊടുക്കലും, വ്യവസായം തുടങ്ങലും മാത്രം മതിയാകുമോ? അതിൽ ഏറ്റവും മുഖ്യമായ ഘടകം, ജനങ്ങളെ സഹകരിപ്പിക്കുകയും, സഹകരിക്കുന്ന ജനങ്ങളുടെ കഴിവു പരമാവധി വിനിയോഗിച്ചു് പ്ലാൻ പൂർത്തിയാക്കുകയുമാണു്. അതുമൂലം ജനങ്ങൾക്കു ചില നേട്ടങ്ങളും ഉണ്ടാകുകയും വേണം. അങ്ങനെ ഒരു ശ്രമം ഈ കാര്യത്തിൽ ഈ ഗവണ്മെൻറിൻറെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ? ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല. അങ്ങനെ ഈ കാര്യം വിലയിരുത്തുമ്പോൾ, കഴിഞ്ഞ കുറേ കൊല്ലങ്ങളായി ഇതിനുവേണ്ടി എത്രമാത്രം മനുഷ്യശക്തി വിനിയോഗിച്ചു, പണം അതിനുവേണ്ടി ചെലവാക്കി, എന്തെല്ലാം വികസനങ്ങളും ഉണ്ടായിട്ടുണ്ടു് എത്രമാത്രം റിട്ടേൺസു് ഉണ്ടായിട്ടുണ്ടു് എന്നു പരിശോധിച്ചാൽ, ചെലവഴിച്ചിട്ടുള്ള പണത്തിൻറെയും, മനുഷ്യപ്രയത്നത്തിൻറേയും തോതനുസരിച്ചുള്ള പ്രതിഫലം കിട്ടിയെന്നു പറയാൻ സാധിക്കുകയില്ല. ഉദാഹരണമായി, ഇവിടെ പബ്ലിക്കിൻറെ സഹകരണത്തോടുകൂടി വികസനപ്രവർത്തനങ്ങളും പുരോഗമിപ്പിക്കാൻ, പൊതുജനങ്ങളെ പരമാവധി സഹകരിപ്പിക്കാൻ ശ്രമിക്കുമ്പോഴും, അവരുടെ സഹകരണം ആവശ്യപ്പെടുമ്പോഴും, റൂറൽ പ്രദേശത്തു് ബ്ലാക്കു ഹെഡ് ക്വാർട്ടേഴ്സു തുടങ്ങുകയാണെങ്കിൽ, രണ്ടേക്കർ സ്ഥലം സൗജന്യമായി വിട്ടുകൊടുക്കണമെന്നുണ്ടു്. എന്നാൽ മാത്രമേ അതു തുടങ്ങാൻ പറ്റൂ. ഇവിടെ പലരും പരാതി പറഞ്ഞിട്ടുള്ളതു് അങ്ങനെ സ്ഥലം വിട്ടുകൊടുത്തിട്ടുള്ള സ്ഥലത്തുപോലും ബ്ലാക്കുകൾ തുടങ്ങിയിട്ടില്ലെന്നാണു്. അങ്ങനെയുള്ള സ്ഥലത്തു് ഒരു കിണർ കഴിപ്പിക്കണമെങ്കിൽ, പബ്ലിക്കു കാൺട്രിബ്യൂഷൻ നൽകണം. മുന്നിലൊന്നു പബ്ലിക്കിൻറെ വകയായിട്ടും, മുന്നിൽ രണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ബ്ലാക്കിന്റെ വകയായിട്ടും വിഹിതം നിശ്ചയിച്ചിരിക്കുകയാണ്. പൊതുജനങ്ങളെസംബന്ധിച്ചിടത്തോളം ഇങ്ങനെ മൂന്നിലാന്നു ചെലവാക്കാനുള്ള പ്രയാസം പല സ്ഥലത്തും നേരിടുന്നു എന്നുള്ളതുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളും പലസ്ഥലത്തും നേരാംവണ്ണം നടക്കുന്നില്ല.

അതുപോലെതന്നെകാഷ്ടികോല്പാദനത്തിന്റെ കാര്യം. അതിൽഅഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നു പറയുന്നതു പൂർണ്ണമായും ശരിയല്ല. കാര്യമായ അഭിവൃദ്ധി ഉണ്ടായിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. മുടക്കിയിട്ടുള്ള പണത്തിനും, മനുഷ്യപ്രയത്നത്തിനും ആനുപാതികമായി കാർഷികോൽപ്പാദനം വർദ്ധിച്ചിട്ടില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയും സമ്മതിക്കും മാത്രമല്ല, ഇന്നു് ബ്ലാക്കുകളിൽ കർഷകരെ സഹായിക്കാനും, കൃഷികൾ പരിശോധിക്കാനും പെയ്യുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം, അവരുടെ സമീപനത്തെ സംബന്ധിച്ചും മറ്റും കഴിഞ്ഞ കുറേ കൊല്ലങ്ങളായി നിശിതമായിട്ടുള്ള വിമർശനങ്ങൾ ഈ സഭയിലും, പത്രങ്ങളിലും ഉണ്ടായിട്ടുണ്ട് ഈ രാജ്യത്തെ കർഷകജനതയുമായി ബന്ധം സ്ഥാപിക്കുന്നതിനും, അവരുടെ പ്രശ്നങ്ങൾ പഠിച്ചു് അതാതു സ്ഥലത്തെ പ്രകൃതിയോടും, മണ്ണിനോടും ഇഴുകിച്ചേർന്നു് കാർഷികവികസന പ്രവർത്തനങ്ങളെ സഹായിക്കാനുള്ള ഒരു സന്നദ്ധത പ്രകടിപ്പിക്കുന്നതിനും അവർ ഇന്നും തയ്യാറായിട്ടില്ല. എത്ര വിമർശനം നടത്തിയിട്ടും അവർ ജീപ്പും, കോട്ടും, ഫാൻറുമായി, കറങ്ങിതിരികയും കർഷകരുമായി ബന്ധപ്പെടാതെ കഴിഞ്ഞുകൂടുകയുമാണ്. ബ്ലാക്ക് ഉദ്യോഗസ്ഥന്മാർ കർഷകരുടെ ബന്ധുക്കളാണെന്നു ഈ രാജ്യത്തു് ഒരു സ്ഥലത്തും ആർക്കും അഭിപ്രായമില്ല. ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾപോലും അവരെപ്പറ്റി നിശിതമായ വിമർശനം നടത്തിയിട്ടും അതു നിറുത്താൻ ഇതുവരെ അവർ തയ്യാറായിട്ടില്ല. ഇതൊക്കെ വച്ചു നോക്കുമ്പോൾ, പദ്ധതി പ്രവർത്തനങ്ങളിൽ പൊതുജനങ്ങളെ കൂടുതൽ സഹകരിപ്പിക്കാൻ ശ്രമിക്കുന്നതായിട്ടോ, ഗ്രാമപ്രദേശങ്ങളിലെ കൃഷിക്കാരെ സഹായിക്കാൻ ബ്ലാക്ക് പ്രവർത്തനം കാര്യക്ഷമമായി പുരോഗമിക്കുന്നതായിട്ടോ കരുതാൻ നിവൃത്തിയില്ല.

സർ, റൂറൽ ഡെവലപ്പ്മെന്റിൽ റൂറൽ ആർട്സ്ആൻഡ് ക്രാഫ്റ്റ്സ് ഇൻഡസ്ട്രീസ് എന്നൊരുവിഭാഗം ഉണ്ട്. അതിനുവേണ്ടി കുറേ സ്ഥാപനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തുള്ള ചില ഉദാഹരണങ്ങളും പൂണ്ടിക്കാണിക്കാം. നെയ്യാറ്റിൻകര, പത്തു മുപ്പതു സ്ഥാപനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അവിടെ എന്തൊക്കെയാണു പ്രവർത്തിക്കുന്നതു് എന്ന കാര്യം പ്രവർത്തിക്കുന്നവർക്കാകട്ടെ, പ്രവർത്തിപ്പിക്കുന്നവർക്കാകട്ടെ അവിടം സന്ദർശിക്കുന്നവർക്കാകട്ടെ മനസ്സിലാകുകയില്ല. ആർക്കും അതിനെപ്പറ്റി ഒരു പിടിയുമില്ല. ഇത്തരം പ്രവർത്തനങ്ങളും കൊണ്ടാണ് വ്യവസായരംഗത്തു വലിയ മാറ്റം ഉണ്ടാക്കാൻ പോകുന്നതെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമാണ്. ഇതിനെപ്പറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടൊ, വകുപ്പു മന്ത്രിയോടോ ചോദിച്ചാൽ, ഇവിടെ വ്യവസായം വളരെ പുരോഗമിക്കുന്നുണ്ട്, പുതിയ വ്യവസായങ്ങളും ഇത്ര ഉണ്ടായി, ഉൽപ്പാദനം ഇത്രകണ്ടു വർദ്ധിച്ചിരിക്കുന്നു, വ്യവസായവായ്പ ഇനത്തിൽ ഇത്ര സംഖ്യ കൊടുത്തു എന്നെല്ലാം മറുപടി പറയും.

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ മറുപടി പറയുന്നതിനുമുൻപു് ബഹുമാനപ്പെട്ട മെമ്പർ മുൻകൂട്ടി മറുപടി ഇന്നതായിരിക്കുമെന്നു പ്രതീക്ഷിക്കുകയാണോ?

ശ്രീ. കെ. അനിരുദ്ധൻ: അങ്ങനെയുള്ള മറുപടി പറയാതിരുന്നാൽ കൊള്ളാമെന്നു് അഭിപ്രായമുണ്ട്. അങ്ങനെ നെയ്യാറ്റിൻകരപ്രദേശത്തു് നല്ല തോളം സ്ഥാപനങ്ങളും റൂറൽ ഡെവലപ്പ്മെന്റിനുവേണ്ടി പ്രവർത്തിക്കുന്നുണ്ടു് എന്നാണു് പറയുന്നതു്. അതിൽ നാലോ അഞ്ചോ സ്ഥലത്തുമാത്രമേ വർക്കു നടക്കുന്നുള്ളു. അതിനുവേണ്ടി എത്രത്തോളം തുക മുടക്കിയിട്ടുണ്ട്, എത്രമാത്രം ആളുകൾക്കു ജോലി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടു്? അവിടത്തെ പ്രവർത്തനഫലമായി എത്ര ഉൽപ്പാദിപ്പിക്കാനും, വിറ്റഴിക്കാനും കഴിഞ്ഞു എന്നുള്ള കാര്യം ആർക്കും നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

സർ, ഭരണകക്ഷിയിലെ പല മെമ്പറന്മാരും ഈ രംഗത്തുള്ള നേട്ടങ്ങളെപ്പറ്റി ദീർഘമായി പ്രസംഗിക്കുന്നതുകേട്ടു. അവരെ ഉപദേശിക്കാനോ, അവക്കു പറ്റിയിട്ടുള്ള തെറ്റു തിരുത്താനോ ഞാൻ ആളല്ല. കേന്ദ്ര കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറു വകുപ്പുമന്ത്രി ശ്രീ. എസു. കെ. ഡേ, കഴിഞ്ഞകൊല്ലം ബാംഗ്ലൂരിൽ വച്ചു് കൂടിയ ഒരു സമ്മേളനത്തിൽ സംബന്ധിച്ചതു് 25-7-63-ലെ ഹിന്ദുപത്രത്തിൽ റിപ്പോർട്ടു ചെയ്തിരുന്നു. അദ്ദേഹം ഇങ്ങനെയാണു് പറഞ്ഞതു്.

Rural industrial programme is a weak feature of the industrial development movement and that unemployment has not been checked to any substantial extent in the Country side

സർ. ശ്രീ. എസു്. കെ. ഡേയുടെ അഭിപ്രായമാണിതു് ആ അഭിപ്രായത്തിനു വ്യത്യസ്തമായ അഭിപ്രായമാണു് നിർഭാഗ്യവശാൽ ഇവിടെ ഭരണകക്ഷിയിലെ ബഹുമാനപ്പെട്ട മെമ്പർമാർക്കുള്ളതെന്നു കാണുന്നു. ഇതാണു നിങ്ങളുടെ അഭിപ്രായമെങ്കിൽ എന്നെപ്പോലെയുള്ളവരെ തിരുത്താൻ ആവശ്യമായ വെളിച്ചം ആ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരത്തുതന്നെ ഒരു കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറു സെൻറർ ഉണ്ടു്. അവിടെ കോഴിക്കുട്ടികളും, പന്നിക്കുട്ടികളും കാണാനുണ്ടു്. കോഴികളോ, പന്നികളോ അവിടില്ല. അവിടെ ഒരു ജീപ്പിൻറെയോ, ട്രാക്ടറിൻറെയോ, ടെയിലറും കിടക്കുന്നുണ്ടു്, ടെയിലർ തുരുമ്പുപിടിച്ചുനാശമായമട്ടിൽ കാണപ്പെടുന്നുണ്ടു്. എന്താണു് അവിടെ നടക്കുന്നതെന്നു് പരിശോധിച്ചാൽ കൊള്ളാം. ഈ സെൻററിലെ പ്രവർത്തനം എന്തെല്ലാമാണെന്നു ആളുകൾക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. സർ, ഈ വിഷയത്തെസംബന്ധിച്ചു സംസാരിക്കുമ്പോൾ ദേശീയ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങളെപ്പറ്റി രണ്ടു വാക്കു പറയാൻ ആഗ്രഹിക്കുന്നു.

റൂറൽ ഡെവലപ്പുമെൻറു പ്രവർത്തനങ്ങൾ മുഖ്യമായും ഉദ്ദേശിച്ചിട്ടുള്ളതു പഞ്ചായത്തുകളെകൊണ്ടു് പ്രവർത്തിപ്പിക്കുക എന്നുള്ളതാണു്. അതിനു പഞ്ചായത്തിനു സഹായകരമായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളതു നാം നോക്കണം. പഞ്ചായത്തിനു സഹായകരമായി ചെയ്യാൻ 922 പഞ്ചായത്തുള്ളതിൽ ശരാശരി ഓരോ പഞ്ചായത്തും പതിനയ്യായിരം രൂപയുടെ വരെ ഡിമാൻറു കാണും. അതിൽ സ്ടീറു ലൈറിനും എസ്റ്റാബ്ലിഷ്മെൻറു ചെലവിനും മറ്റു കണ്ടിൻജൻസി ചെലവിനുമായി ഒരു എട്ടിനും പത്തിനുമിടക്കു് ആയിരം രൂപ ചെലവാകും. ബാക്കിയുള്ള തുകകൊണ്ടു് എന്തു റമ്യൂണറേറീവു് സ്കീമാണു് നടക്കുക? അതിനു സഹായമായ വിധത്തിൽ ലോൺ കൊടുക്കുന്നില്ല. അങ്ങനെ ലോൺ കൊടുക്കുവാൻ കാശില്ല എന്നു പറയുന്ന അവസരത്തിൽ പഞ്ചായത്തു ആകു്റു ഉണ്ടാക്കിയപ്പോഴും അതിൽ പോലും വ്യവസ്ഥചെയ്തിട്ടില്ലാതിരിക്കേ ഡിസ്ട്രിക്റു പഞ്ചായത്തു ഉദ്യോഗസ്ഥന്മാരുടെ തസ്തികകളും പുതുതായി സൃഷ്ടിച്ചു. പഞ്ചായത്തു ആകു്റു നിലവിൽ വന്ന അവസരത്തിൽ ഡയറക്ടർ ഓഫു് ലോക്കൽ ബോഡീസു് മാത്രമേ ഉണ്ടായിരുന്നുള്ള. അദ്ദേഹം രണ്ടു കാര്യവും കൂടി നോക്കുമായിരുന്നു. ഒരു ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്തിരുന്ന ഡിപ്പാർട്ടുമെൻറുകളും ഇപ്പോൾ ഡയറക്ടർ ഓഫു് മുനിസിപ്പാലിറ്റീസെന്നും ഡയറക്ടർ ഓഫു് പഞ്ചായത്തു്സു്എന്നും രണ്ടു തസ്തികകളുണ്ടാക്കി സൃഷ്ടിച്ചു മാറിയിരിക്കുകയാണു്. മാത്രവുമല്ല റീജിയണൽ ഉദ്യോഗസ്ഥന്മാരും അതിനുതാഴെയുള്ള ഡിസ്ട്രിക്റു പഞ്ചായത്തു ഉദ്യോഗസ്ഥന്മാരും ഉണ്ടു്. എല്ലാംകൂടി ഭീമിച്ച ചെലവാണു് ഇവരുടെ ശമ്പള ഇനത്തിൽ വരുന്നതു്. മാറു ഡിപ്പാർട്ടുമെൻറിൽനിന്നും ഉദ്യോഗസ്ഥന്മാരെ ഇങ്ങോട്ടുമാറ്റി ഒഴിവാക്കാമായിരുന്ന തസ്തികകളും ഒഴിവാക്കിയില്ല എന്നു മാത്രമല്ല, അനാവശ്യമായ കാലവിളംബവും കാര്യനടത്തിപ്പിനു വരുത്തിയിട്ടുണ്ടു്. തിരുവനന്തപുരത്തു ഒരു പഞ്ചായത്തു ആവശ്യത്തിനു റീജിയണൽ ഉദ്യോഗസ്ഥനെ കണ്ടുപിടിച്ചു ഒരു നിവേദനം നടത്തണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ചിലപ്പോഴം കൊല്ലത്തു പോകേണ്ടിവരും. ഒഴിവാക്കാവുന്ന പല തസ്തികകളും ഒഴിവാക്കേണ്ടതാണ്. ആവശ്യമില്ലാതെ പഞ്ചായത്തിന്റെ സമയം മെനക്കെടുത്താൻ ഇവരെ അനുവദിക്കുന്നതു ശരിയല്ല. പഞ്ചായത്തിനു കൊടുക്കുന്ന പരിമിതമായ ഗ്രാന്റു വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്. മദ്രാസ് സംസ്ഥാനത്തിൽ കൊടുക്കുന്ന മാച്ചിംഗ് ഗ്രാന്റ് കുറെക്കൂടി ആകർഷണീയമായ ഏർപ്പാടാണ്. എത്രത്തോളം റവന്യൂ പിരിക്കുന്നുവോ അതിനു ആനുപാതികമായി ഗ്രാന്റു കൊടുക്കുന്ന സംപ്രദായമാണ് അവിടെ നിലവിലുള്ളത്. റവന്യൂ കൂടുതൽ പിരിക്കുവാനുള്ള താൽപ്പര്യം കൊടുക്കുന്ന രീതിയിലാണ് അതു്. ഇത്തരത്തിലുള്ള രീതിഇവിടേയും നടപ്പിൽ വരുത്തേണ്ടതു ആവശ്യമാണ്.

തിരുവനന്തപുരത്തെ ഒരു കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ കടകംപള്ളി പഞ്ചായത്തിൽ കാര്യമായ ഗ്രാന്റു കൊടുക്കുന്നില്ല എന്നു മാത്രമല്ല ജനപ്രതിനിധികളിൽ നിന്നും ഗവണ്മെന്റു പഞ്ചായത്തു ഏറ്റെടുക്കുന്ന അവസരത്തിൽ അവിടെ സ്ട്രീറ്റ് ലൈറ്റ് ഉണ്ടായിരുന്നു. പഞ്ചായത്തു് എസ്റ്റിക്യൂട്ടീവ് ആഫീസറന്മാരെക്കൊണ്ട് രണ്ടു കൊല്ലം ഭരണം നടത്തിച്ചു. തിരിച്ചു തെരഞ്ഞെടുത്ത പഞ്ചായത്തിനെ ഏൽപ്പിച്ചപ്പോഴം അവിടെ ഉണ്ടായിരുന്ന സ്ട്രീറ്റു ലൈറ്റുകളും മുഴുവനും ഇല്ലാതാക്കി. ഫ്യൂസ് ഊരിക്കളഞ്ഞു. പഞ്ചായത്തിനു ഇലക്ട്രിസിറ്റിയോ സ്ട്രീറ്റു ലൈറ്റോ നൽകാൻപോലും പരിമിതമായ ഫണ്ടുമൂലം കഴിഞ്ഞിട്ടില്ല. പല സ്ഥലങ്ങളിലും ഇങ്ങനെ ഉണ്ടായിട്ടുണ്ടെന്നു പത്ര റിപ്പോർട്ട കണ്ടിട്ടുണ്ട്. അതിനെക്കുറിച്ചു ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ഇതൊരു വിജയമാണെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നില്ല എന്നു അദ്ദേഹം ആദ്യമേ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ആ അഭിപ്രായം തന്നെയായിരിക്കാം ശ്രീ. ബലവന്തറായി മേത്താ കമ്മിറ്റി നിർദ്ദേശിച്ചിട്ടും ഒരു ഗ്രീടയർ സിസ്റ്റം ഒഫ് അഡ്മിനിസ്ട്രേഷൻ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലായികഴിഞ്ഞിട്ടും ഇപ്പോഴം മാത്രമാണ്, അവസാനകാലത്തു ഒഴിഞ്ഞു പോകുന്നതിനുമുമ്പു അതിനുവേണ്ടി ബിൽ പോലുംകൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഇതിനെ അനുകൂലിച്ചുകൊണ്ട് പൊതുവേ പഞ്ചായത്തുകളുടേയും കമ്മ്യൂണിറ്റി ഡെവലപ്പുമെന്റുകളുടേയും പ്രവർത്തനങ്ങളിലേയ്ക്കു കടക്കുന്നതിനുമുമ്പു നമ്മുടെ രാജ്യത്തെ പഞ്ചായത്തുകൾകൊണ്ട് അൽപ്പം ചില ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും, പുതുതായി തെരഞ്ഞെടുത്ത പഞ്ചായത്തുകളെ സംബന്ധിച്ചും ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പഞ്ചായത്തും മുനിസിപ്പാലിറ്റിയും തമ്മിൽ വേർപെടുത്തിക്കൊണ്ട് വളരെയധികം ശ്രദ്ധ പഞ്ചായത്തുകളുടെ കാര്യത്തിൽ കാണിച്ചിട്ടുണ്ടെന്നുള്ളതു ഈ അവസരത്തിൽ അനുസ്മരിക്കേണ്ട സംഗതിയാണ്. നേരത്തെ ശ്രീപക്ഷ കക്ഷികം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ നമ്മുടെ വ്യവസായമന്ത്രി പഞ്ചായത്തു കാര്യങ്ങളിൽ അത്രയധികം താൽപ്പര്യം കാണിക്കുന്നില്ല എന്നുള്ളതു ശരിയായ വസ്തുതയല്ല. കാരണം വളരെ സൂത്യർഹമായ രീതിയിൽ പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തിയിരുന്നു എന്നുള്ളതുതന്നെ ഇതിനൊരു ഉദാഹരണമാണ്. വളരെയധികം ബുദ്ധിമുട്ട ഉണ്ടാകുമെന്നു കരുതി പല പ്രാവശ്യവും നീട്ടിവച്ചിരുന്ന ഈ പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ അത്യധികം ശ്ലാഘനീയമാകംവിധത്തിൽ നടത്താൻ കഴിഞ്ഞു എന്നുള്ളതു് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. പുതിയ പഞ്ചായത്തുകൾ അതിന്റെ ഫലമായി നിലവിൽ വന്നു. പുതിയ പഞ്ചായത്തു കമ്മിറ്റി നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. ഗ്രാമ വികസനത്തെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമായ പംകുവഹിക്കേണ്ട പഞ്ചായത്തു കമ്മിറ്റികൾ സാമ്പത്തിക പരാധീനതമൂലം ഒരു ഇഞ്ചു പോലും മുന്നോട്ടു പോകുവാൻ വയ്യാത്ത പരിതസ്ഥിതിയാണ് ഇന്നുള്ളതു്. പഞ്ചായത്തു ആക്ട് പ്രകാരം കുറെ വരുമാനം ഇതിനു വ്യവസ്ഥചെയ്തിട്ടുണ്ട്, നമ്മുടെ രാജ്യത്തെ ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക സ്ഥിതി നമുക്കു അറിയാം. വീട്ടുകരവും തൊഴിൽകരവും വാഹനനികുതിയും കഴിഞ്ഞാൽ മറ്റു വരുമാനമൊന്നും ഈ പഞ്ചായത്തു കമ്മിറ്റികൾക്കു ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

ആ പഞ്ചായത്തിനു ഉണ്ടാകുന്ന ദ്രുനികൃതിയുടെ 75 ശതമാനം പഞ്ചായത്തിനു കൊടുക്കാമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അതൊരു വരുമാന മാർഗ്ഗമാണ്. നിർഭാഗ്യമെന്നു പറയട്ടെ ദ്രുനികൃതിപിരിക്കുവാനുള്ള വ്യവസ്ഥ ഇന്നു ഇല്ല. അടുത്തകാലത്തുണ്ടായ ഹൈക്കോടതിയുടെ ഒരു ഉത്തരവിനെ തുടർന്നു ദ്രുനികൃതി പരിപൂർണ്ണമായി നിറുത്തിവയ്ക്കുവാൻ ബാദ്ധ്യസ്ഥരായതുകൊണ്ട് ആ വരുമാനം ഇന്നു പഞ്ചായത്തുകൾക്കു ലഭിക്കുന്നില്ല. ഇങ്ങനെയുള്ള സാമ്പത്തിക പരിതസ്ഥിതിയിൽ ഓരോ വർഷവും വരുമാനം കുറഞ്ഞുവരുന്ന അവസരത്തിൽ ഈ പഞ്ചായത്തുകളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താമെന്നുള്ള കാര്യം നാം ആലോചിക്കേണ്ടതാണ്. പുതിയ പഞ്ചായത്തു കമ്മിറ്റികൾ പ്രവർത്തനത്തിൽ വന്നതോടു കൂടി ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രതീക്ഷകൾ ഉണ്ടായിരുന്നു. ആ പ്രതീക്ഷകൾ സാക്ഷാത്കരിക്കാൻ കഴിയാതെ ഒരു വിഷമിപ്പൊട്ടലിൽ നിൽക്കുകയാണ്. ചുരുക്കം ചില പഞ്ചായത്തു കമ്മിറ്റികൾക്കു സാമ്പത്തികമായ കഴിവു ഉണ്ട്. എങ്കിൽ കൂടിയും ഈ രാജ്യത്തെ ദ്രുരിപക്ഷം പഞ്ചായത്തുകൾക്കും ഉള്ള സാമ്പത്തിക പരാധീനത ഒഴിവാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കണമെന്നാണ് എനിക്കു ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഒരു നിർദ്ദേശമാണ് എനിക്കു ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഒരു നിർദ്ദേശമാണ് എനിക്കു പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുവാനായി ഉള്ളതു്. പഞ്ചായത്തുകൾ പിരിക്കുന്ന നികുതിയുടേയും അതുപോലെതന്നെ ദ്രുനികൃതിയുടെ 75 ശതമാനം പഞ്ചായത്തുകൾക്കു നൽകാമെന്നു പറഞ്ഞതു ഉൾപ്പടെ അത്രത്തോളം വരുന്ന ഒരു സംഖ്യ ഓരോ പഞ്ചായത്തുകൾക്കും നൽകുന്നതിനു ഗവണ്മെൻറു നടപടി എടുത്തില്ലെങ്കിൽ പഞ്ചായത്തു പ്രവർത്തനം മുന്നോട്ടു പോകുകയില്ല. വാഹന നികൃതിയെപ്പറ്റി ഇവിടെ പറയുകയുണ്ടായി. പഞ്ചായത്തിനു അതിനാവശ്യമായ ബുദ്ധിമുട്ടു ഉണ്ട്. ഇന്നുള്ള സ്റ്റാഫിനെക്കൊണ്ട് കഴിയുകയില്ല. കൂടുതൽ സ്റ്റാഫ് വാഹന നികൃതി പിരിക്കുന്നതിലേക്കു നിയമിക്കുവാനും സാധിക്കുകയില്ല. അതിന്റെ ചെലവു ഈ വാഹനനികൃതിയിൽ നിന്നും ഈടാക്കുവാൻ സാധിക്കുകയില്ല. ഒരു കൂട്ടവണ്ടിയുടേയോ, സൈക്കിളിന്റെയോ നികൃതികൊണ്ട് ഇതെല്ലാം നടത്താൻ വളരെ ബുദ്ധിമുട്ടുണ്ട്. അത്ര തുച്ഛമായ വരുമാനമെ ഈ വാഹനനികൃതിയിനത്തിൽ കിട്ടുകയുള്ള. പരിപൂർണ്ണമായി നികൃതി അടച്ചുതീർക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻപോലും പ്രയാസപ്പെടുമെന്നു സ്വാനുഭവം വച്ചുകൊണ്ടു ഞാൻ പറയുകയാണ്. സാമ്പത്തികമായ ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ചെലവുകൾ വർദ്ധിക്കുന്നതിനോടൊപ്പം വരവു കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന അവസരത്തിൽ പഞ്ചായത്തുപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനു കണ്ടു പിടിക്കാവുന്ന ധനാഗമമാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ക്ലേശകരമായി ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് എനിക്കു ഈ സന്ദർഭത്തിൽ സഭയോടു് അഭ്യർത്ഥിക്കുവാനുള്ളതു്. എന്തെങ്കിലും ഒരു തീരുമാനം ഈ കാര്യത്തെ സംബന്ധിച്ചു വളരെവേഗം ഗവണ്മെൻറു എടുക്കേണ്ടിയിരിക്കുന്നു.

മറ്റൊരു പ്രധാനപ്പെട്ട സംഗതി ഇവിടെ ശ്രീമാൻ നാരായണൻ നമ്പ്യാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതു റോഡു മെയിൻറനൻസിനുള്ള ഗ്രാൻറു വളരെ തുച്ഛമാണെന്നുള്ള സംഗതിയാണ്. നമ്മുടെ രാജ്യത്തെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം വളരെയധികം റോഡുകൾ ശ്രമദാന ഫലമായും ബ്ലാക്കുകളുടെ സഹായത്തോടും നാട്ടുകാർ വെട്ടി പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. ഈ റോഡുകൾ കാലാകാലങ്ങളിൽ മെയിൻറനൻസ് നടത്താത്തതിന്റെ ഫലമായി ഇതിലേക്കു മുടക്കിയ പണവും നാട്ടുകാർ ശ്രമദാനമായി നൽകിയ സേവനവും ഇന്നു പരിപൂർണ്ണമായി നശിച്ചു നഷ്ടപ്പെടുകയാണ്. പ്രത്യേകമായിട്ടുള്ള മെയിൻറനൻസിനുള്ള ഗ്രാൻറു ബ്ലോക്കിനു ഇതുവരെ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല അതുകൊണ്ട് ബ്ലാക്കു ഉൾപ്പടെയുള്ള പഞ്ചായത്തുകൾക്കു സ്റ്റേറ്റ് 1-ം, സ്റ്റേജ് രണ്ടും പൂർത്തിയാക്കപ്പെട്ട പഞ്ചായത്തുകൾക്കു മെയിൻറനൻസ് ഗ്രാൻറു അനുവദിക്കേണ്ടതു സ്വാഭാവികമായ ഒരു കാര്യ

LIBRARY ARCHIVES Kerala Legislative Assembly

മാണു്. ഇവിടെ എല്ലാ പഞ്ചായത്തുകളെയും ഒരേ തൂപ്പിൽ കാണുകയാണു്. റോഡു കുറവുള്ള പഞ്ചായത്തുകൾക്കും കൂടുതലുള്ള പഞ്ചായത്തുകൾക്കും ഒരേപോലെയാണു് ഗ്രാൻറു നൽകുന്നതു്. അതും ഈ മാർച്ചുമാസത്തിൽ ലഭിക്കുന്നതുകൊണ്ടു് റോഡു നന്നാക്കുവാൻ സാധിക്കുകയില്ല എന്നുള്ള കാര്യം എല്ലാവർക്കും അറിവുള്ളതാണു്. മഴ പെയ്യുന്നതുവരെ യാതൊരു പ്രവർത്തനവും കൊണ്ടു പോകുവാൻ സാധിക്കുകയില്ല. മാർച്ചു അവസാനമാകുന്നതോടുകൂടി തുച്ഛമായി ലഭിച്ചിട്ടുള്ള ഗ്രാൻറും നഷ്ടപ്പെടാൻ പോകുകയാണു്. ഇങ്ങനെ തുച്ഛമായ ഗ്രാൻറു ചെലവാക്കുവാൻ കഴിയാതെ വരുന്ന പരിതസ്ഥിതിയിൽ അതു കുറെ നാളത്തേക്കു കൂടി നീട്ടികൊടുക്കണമെന്നാണു് എനിക്കു ഈ സന്ദർഭത്തിൽ അറിയിക്കുവാനുള്ളതു്. ഇങ്ങനെ റോഡുകൾ സംരക്ഷിക്കുന്നതിനു പഞ്ചായത്തുകൾക്കു കൂടുതൽ പണം അനുവദിക്കുകയും ഗ്രാൻറു കുറെനാളത്തേക്കു കൂടി നീട്ടികൊടുക്കുകയും ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് വളരെയധികം പഞ്ചായത്തുകൾക്കും സാരമായ പഞ്ചായത്തു ആഫീസു് കെട്ടിടങ്ങൾ ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു എന്നുള്ളതാണു്. ഡീലിമിറേഷൻ വന്നതോടുകൂടി പുതുതായി രൂപം പ്രാപിച്ച പഞ്ചായത്തുകൾക്കു ആഫീസു് കെട്ടിടങ്ങളും ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള പഞ്ചായത്തുകൾക്കു കെട്ടിടം പണിയുന്നതിനുവേണ്ടി ഗ്രാൻറു നൽകുകയും കഴിയുമെങ്കിൽ കെട്ടിടം തന്നെ കൊടുക്കുന്നതിനുള്ള ഒരു തയാറെടുപ്പു ഗവണ്മെൻറിനുണ്ടായിരിക്കണം. ഇവിടെ ഒരു ചോദ്യത്തിനുത്തരമായിതന്നെ ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി പകുതിയിലധികം പഞ്ചായത്തുകൾക്കും സ്വന്തമായി കെട്ടിടമില്ല എന്നു്. ഗ്രാൻറു കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും ഗവണ്മെൻറുദ്യോഗസ്ഥനിന്നും മറുപടി പറയുകയുണ്ടായി. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടതു വളരെ അത്യാവശ്യമാണു്.

മറെറാരു പ്രധാനപ്പെട്ട കാര്യം ലോണിനെ സംബന്ധിച്ചാണു്. ലോൺ ലഭിക്കുന്നതിനു പഞ്ചായത്തുകൾക്കു ഇന്നു ബുദ്ധിമുട്ടു ഉണ്ടു്. പഞ്ചായത്തുകമ്മിറ്റി ഇതിനെപ്പറ്റി ഒരു പ്രമേയം പാസ്സാക്കുകയും ഡിപ്പാർട്ടുമെൻറു ഒരു എസ്റ്റിമേറു ഇടുകയും അതിൻെറ അടിസ്ഥാനത്തിൽ ലോൺ കൊടുക്കുകയുംചെയ്യുന്നതിനുള്ള ഒരു ഏർപ്പാടാണു് ഇന്നുള്ളതു്. ഇതു വളരെയധികം കാലതാമസത്തിനു ഇടയാക്കുന്നുണ്ടു്. ബ്ലാക്കു അല്ലാത്ത പഞ്ചായത്തുകൾക്കു എസ്റ്റിമേറു ലഭിക്കുന്നതിനു ഇൻജിനീയറെ സമീപിക്കേണ്ടുന്ന നിലയാണു് ഉള്ളതു്. പഞ്ചായത്തുകൾക്കു കെട്ടിടംഉണ്ടാക്കുന്നതിനു ഒരു റഫു് എസ്റ്റിമേറുവച്ചു പണം സാംഗ്ഷൻ ചെയ്യുകയും യഥാർത്ഥമായി കൊടുക്കേണ്ട തുക ലോണായി കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുകയും വേണം. യഥാർത്ഥ തുക കൺട്രാക്ടർ വർക്കു ചെയ്തു തീർക്കുമ്പോൾ കൊടുക്കാനുള്ള പരിതസ്ഥിതി ഉണ്ടാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

മറെറാരുകാര്യം എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു പഞ്ചായത്തുകളെ സംബന്ധിച്ചുള്ള സ്ട്രീറു ലൈററിംഗിനെ സംബന്ധിച്ചാണു്. മൊത്തം വരുമാനത്തിൻെറ 15 ശതമാനം അനുവദിച്ചിട്ടുണ്ടെന്നാണു് വച്ചിരിക്കുന്നതു്. മൊത്തം വരുമാനം വച്ചിരിക്കുന്നതു ഏതടിസ്ഥാനത്തിലാണെന്നും നിശ്ചയമില്ല. 75 ശതമാനം ട്രൂനികതി ഉൾപ്പടെയാണോ ഈ മൊത്തം വരുമാനം കണക്കാക്കിയിട്ടുള്ളതു്. ഇതിനെപ്പറ്റി നിലവിൽ ഇരിക്കുന്ന വ്യവസ്ഥ അനുസരിച്ചു തൊഴിൽ കരവും വീട്ടു കരവും വാഹനനികുതിയും ഉൾപ്പെടെയുള്ള വരവിൻെറ 15 ശതമാനമാണു് സ്ട്രീറു ലൈററിനുവേണ്ടി വച്ചിരിക്കുന്നതു്. ഇങ്ങനെയാണെങ്കിൽ ഒററയൊരു പഞ്ചായത്തിൽപോലും പുതുതായി തെരുവു വിളക്കു തുടങ്ങാൻ കഴിയാത്ത പരിതസ്ഥിതിയിയാണു്. പഞ്ചവത്സരപദ്ധതിയിൽ പത്തു പതിനായിരം തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ ഏർപ്പാടു ചെയ്തിരുന്നു. മൊത്തം വരവിൻെറ പതിനഞ്ചു് ശതമാനം എന്നു വച്ചിരിക്കുന്നതു സാൽപ്പംകൂടി ഉയർത്തേണ്ടതാണു്. കാരണം ഇന്നു 75 ശതമാനം ട്രൂനികതി എന്നു വച്ചിട്ടുണ്ടെങ്കിലും ഫൊക്കോടതി വിധിയുടെ ഫലമായി അതു കിട്ടുന്നില്ല. ഇതു ശതമാനം എന്നു ക്ലിപ്പുപ്പെടുത്താതെ സാധ്യതിക കഴിവു നോക്കിയോ, അല്ലെങ്കിൽ അതിനുള്ള അധികാരം ഡിസ്ട്രിക്ടു പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

ആഫീസർക്ക വിട്ടുകൊടുത്തുകൊണ്ടോ നടപടി സ്വീകരിച്ചില്ലെങ്കിൽ ഈ കൊല്ലം മുതൽ തെരുവു വിളക്കുകളും സ്ഥാപിക്കുന്ന പ്രോഗ്രാം മുന്നോട്ട കൊണ്ടു പോകുവാൻ സാധിക്കുകയില്ല. അതുകൊണ്ട് 15 ശതമാനം എന്നുവച്ചിരിക്കുന്നതിൽ മാറ്റം വരുത്തുവാൻ ഗവണ്മെന്റു ശ്രദ്ധിക്കണം. പഞ്ചായത്തു കാര്യങ്ങളിൽ കഴിഞ്ഞ ഏതൊരു ഗവണ്മെന്റിനെക്കാളും ഈ ഗവണ്മെന്റു ശ്രദ്ധിക്കുന്നുണ്ടെന്നു കാണുന്നതിൽ അനുമോദനം രേഖപ്പെടുത്തികൊണ്ട് ഈ ധനാഭ്യർത്ഥനയെ അങ്ങേയറ്റം പിന്താങ്ങുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : സർ, സമയച്ചുരുക്കം കൊണ്ടു് 28—ാം തീയതി ഡിമാൻറിൽ ഉൾപ്പെടുന്ന കമ്മ്യൂണിറ്റി ഡവലപ്പ്മെൻറു് പ്രോജക്റ്റു്, നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് ആൻറു ലോക്കൽ ഡവലപ്പ്മെൻറു് വർക്സ് എന്നിവയെ സംബന്ധിച്ചുമാത്രം ചില സംഗതികൾ പറയാനേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. എന്നാൽപോലും കമ്മ്യൂണിറ്റി ഡവലപ്പ്മെൻറു ബ്ലോക്കുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചു് ഒരു വിഹഗവീക്ഷണം നടത്താൻ മാത്രമേ പറ്റുകയുള്ളൂ. ബ്ലോക്കുകളുടെ പ്രവർത്തനത്തെപ്പറ്റി സമഗ്രമായ ഒരു പരിശോധന നടത്തണമെന്നുള്ള ഘട്ടം എത്തിയിരിക്കുകയാണു്. കേരളം മുഴുവനും ബ്ലോക്കുകളായി എന്നുള്ളതുകൊണ്ടുമാത്രമായില്ല. സാധാരണ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ വിശേഷിച്ചു് അതിൻറെ അഡ്മിനിസ്ട്രേഷൻ രംഗത്തു ഉണ്ടായിട്ടുള്ള മാറ്റങ്ങളെ വിലയിരുത്തിയേ മതിയാവൂ എന്ന ഘട്ടം വന്നിരിക്കുന്നു. ശ്രീ. കെ. കൃഷ്ണൻ അട്ടപ്പാടി ടൈബൽ ബ്ലോക്കിനെ സംബന്ധിച്ചു് ചില പരാമർശനങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ഒരു ടൈബൽ ബ്ലോക്കാരംഭിക്കുന്നതിനു് അടിയന്തിരമായി നിർവഹിക്കേണ്ട മുൻ ഉപാധികൾ പൂർത്തിയാക്കാത്തതിൻറെ ഫലമായി മയത്തിൽ പറഞ്ഞാൽ ടൈബ്സിൻറെ ഉന്നമനമല്ല സാധിക്കുന്നതു്, മറിച്ചു ടൈബ്സിൻറെ ഇറാഡിക്കേഷനാണു്. വസ്തു സ്ഥിതികൾ പരിശോധിച്ചാൽ ഇതു തെളിയും. എൻ. ഈ. എസ്സു്. ബ്ലോക്കുകളുടെ പ്രവർത്തനം പരിശോധിക്കുവാൻ സെക്രട്ടറിയേറ്റിൽ പ്രവർത്തിക്കുന്ന 'O and M' വിഭാഗത്തെ ഒന്നു അയച്ചാൽ പലതും തെളിയിക്കുവാൻ കഴിയും. ഓരോ ഉദ്യോഗസ്ഥൻറെയും ജോലി എന്തു്, എന്തെല്ലാം ചെയ്യുന്നു എന്നു കാണാൻ കഴിയും. ബ്ലോക്കിൽ പ്രവർത്തിക്കുന്ന പല ഉദ്യോഗസ്ഥന്മാർക്കും ഇന്നു പണി കൊടുക്കുവാൻ കഴിയുന്നില്ല. പ്രവർത്തിയെടുക്കുവാൻ കഴിവുണ്ടോ എന്നുള്ളതല്ല പ്രശ്നം. പ്രവർത്തി കൊടുക്കുന്നുണ്ടോ എടുക്കുന്നുണ്ടോ എന്നുള്ളതാണു്. എന്നാൽ മറുവശത്താണെങ്കിൽ പുതിയ പുതിയ ഉദ്യോഗങ്ങളും സൃഷ്ടിക്കുകയാണു്. റൂലർ ഡിപ്പാർട്ടുമെൻറുകളുടെ കൂട്ടത്തിൽ ബ്ലോക്കിലെ ഉദ്യോഗങ്ങളുടെ സംഖ്യയും പെരുകുകയാണു്. കാലാന്തരത്തിൽ ഇതര്യയും അഡ്മിനിസ്ട്രേഷനിൽ വകയിരുത്തിപ്പായി നിലനിൽക്കും. കൃഷി വികസനത്തിൽ കംപോസ്റ്റു ഇൻസ്പെക്റ്റർന്മാരേയും ഫീൽഡുമാൻമാരേയും നിയമിക്കുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ഇവിടേയും റൂലർ ഡിപ്പാർട്ടുമെൻറുകളിലെ മാതിരിതന്നെ നിയമനങ്ങളും നടത്തപ്പെടുന്നു. കമ്മ്യൂണിറ്റി ഡവലപ്പുമെൻറിൻറെ അടിസ്ഥാന തത്വങ്ങളും എടുത്തു പരിശോധിച്ചാൽ ഏറ്റവും അടിയിൽ ജനങ്ങളുമായി ബന്ധപ്പെടുന്ന പ്രധാന കണ്ണിയാണു് മൾട്ടിപർപ്പസ് വില്ലേജ് ലവൽ വർക്കർ. ഒരു അത്ഭുതസൃഷ്ടിതന്നെ. വില്ലേജ് ലവൽ വർക്കർ ഇപ്പോൾ കൃഷിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു് നിർദ്ദേശം വന്നിരിക്കുന്നു. ഈ നിലയിൽ അടിസ്ഥാനംതന്നെ ഇളകി കഴിഞ്ഞിരിക്കുന്നു. എൻ. ഈ. എസ്സു്. ബ്ലോക്കുകളുടെ പ്രവർത്തനത്തെപ്പറ്റി ശരിക്കു ഒരു ഇവാലുവേഷൻ നടത്താതെ ഇനി മുന്നോട്ടു പോകുന്നതു് മൂഢത്വമാണു്. സെൻട്രൽ ഗവണ്മെൻറിൻറെ ഗ്രാൻറുണ്ടെന്നതു് ശരിതന്നെ. എന്നാൽ ഇന്നലേയും മിനിഞ്ഞാന്നുമായി ഈ സഭയിൽ പറഞ്ഞിട്ടുള്ള മലേറിയാ ഇറാഡിക്കേഷൻ പ്രവർത്തി ചെയ്യുന്ന രണ്ടായിരം പേരുടെ പ്രശ്നം കണ്ടില്ലേ? എടുത്തപ്പോഴേതന്നെ അറിയാമായിരുന്ന സ്ഥിരമായിട്ടുള്ള ജോലിയല്ല അതെന്നു്. എങ്കിലും അവരെ എവിടെയെങ്കിലും സ്ഥിരമായി ഇരുത്തേണ്ട ഒരു പ്രശ്നം വന്നിരിക്കുകയാണു്. സെൻട്രൽ ഗവണ്മെൻറിൻറെ ഗ്രാൻറു നിറുത്തിക്കഴിഞ്ഞാൽ ബ്ലോക്കിൽ പ്രവർത്തിക്കുന്നവരെ പിന്നെ എന്തു ചെയ്യും?

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തന്നെ എത്രയാണ്ടു പതിനായിരത്തോളം ഉദ്യോഗസ്ഥന്മാർ ഉണ്ടാകും. ഇവരുടെ സ്ഥാനം എവിടെയാകും? അഡ്മിനിസ്ട്രേഷൻ സെറ്റപ്പിൽ അവരെ നില നിറുത്തേണ്ടിവരും. ഇപ്പോഴത്തന്നെ ആ കാര്യം ഓർക്കുന്നതു നന്നു്. സ്റ്റേജു് 2 കഴിഞ്ഞാൽ മുന്നു വരുന്നില്ല. പകരം പോസ്റ്റു സ്റ്റേജു് 2 എന്നാണു് പറയുന്നതു്. ഇതു കേൾക്കുമ്പോൾ തോന്നും, നായന്മാരുടെ ഇടയിൽ ഒരു ഉപജാതിയുണ്ടു്. പതിനെട്ടാന്മാർ എന്നാണു് അവരെ പറയുക. അവർ പതിനെട്ടു് എന്നു പറയുകയില്ല. പതിനേഴു കഴിഞ്ഞാൽ പിന്നൊന്നു് പത്തൊൻപതു് എന്നാണു് പറയുക. ഇതുപോലെയാണു് സ്റ്റേജു് 1. അടുത്തതു് സ്റ്റേജു് 2. സ്റ്റേജു് 3 ഇല്ല. പകരം പോസ്റ്റു സ്റ്റേജു് 2 എന്നു പറയുന്നു. സെൻട്രൽ മിനിസ്ട്രി ഓഫു് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റിനു തന്നെ എത്തുവേണം ഇനി എന്നു കാര്യത്തിൽ ഒരു പിടിയില്ലെന്നു തോന്നുന്നു. ഒടുവിൽ ഇതു സംസ്ഥാന ഗവണ്മെന്റിനു് താങ്ങാനാവാത്ത ഭാരമാകും. ഈ കാര്യത്തിൽ അടിയന്തിരമായി ഇവാലുവേഷൻ നടത്തുന്നതിനു് ഒരു മെഷിനറിയുണ്ടാകണം. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായിത്തന്നെ സ്റ്റേറ്റിൽ സ്ഥിരവും സ്വതന്ത്രവും ആയ ഒരു ഇവാലുവേഷൻ മിഷിനറി ഉണ്ടായിരിക്കണമെന്നു് പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം ഉണ്ടെന്നാണു് അറിവു്. പിന്നെ എന്തുകൊണ്ടാണു് ഈ ഗവണ്മെന്റു് അങ്ങനെയൊരു മിഷിനറി ഉണ്ടാക്കാതിരിക്കുന്നതു്. വന്നവാട്ടു് ചന്തം എന്നുള്ള മട്ടിലാണല്ലോ നിങ്ങളുടെ ഇരിപ്പു്. പദ്ധതികളുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം, വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തു് ഒരു പ്ലാനിംഗ് ബോർഡു് രൂപവൽക്കരിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു് കുറേകാലമായ അനാസ്ഥ കാണിക്കുന്നു. കേന്ദ്രനിർദ്ദേശം ഉണ്ടായിട്ടും എന്താണു് ഈ ഇരിപ്പിന്റെ അർത്ഥം. മൂന്നാംപദ്ധതിയുടെ ഫലപ്രദമായ പ്രവർത്തനത്തിനും നാലാം പദ്ധതിയിലേയ്ക്കു് നിർദ്ദേശങ്ങളും തയാറാക്കുന്നതിനും പ്ലാനിംഗ് ബോർഡു് രൂപവൽക്കരണം സഹായകമാകും. എന്നിട്ടും നിങ്ങളതു് ചെയ്യുന്നില്ല. മറ്റെന്തെല്ലാമോ ചെയ്യുകൂട്ടുന്നു. നികുതി പണം അനാവശ്യമായി ചെലവഴിക്കുന്നു. കഷ്ടപ്പെടുന്ന ജനത തരുന്ന പണമാണു് ഇങ്ങനെ ചെലവഴിക്കുന്നതെന്നു് അറിയുന്നതു് നല്ലതാണു്. ബ്ലോക്കു് പ്രവർത്തനങ്ങളെ വിലയിരുത്താൻ സമയം പോരാ. കൃഷി, വ്യവസായം, മൃഗസംരക്ഷണം, സാമൂഹ്യവിദ്യാഭ്യാസം എന്നിവയിലെല്ലാം എന്തെന്തു നേട്ടങ്ങളാണു് ഉണ്ടായിയെന്നു പരിശോധിക്കേണ്ടതാണു്. ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പർമാർ ആരോ ഇൻഡ്യാ പാറേണിന്റെ കാര്യം സൂചിപ്പിച്ചതായി കേട്ടു. അങ്ങനെ ഒരു പാറേൺ ആണെങ്കിലും സ്റ്റേറ്റുകൾക്കു് ആവശ്യമായ ദേശഗതികളും വരുത്താമെന്നും പറയുന്നുണ്ടു്. അതൊന്നും വേണ്ടപോലെ ചെയ്യുന്നില്ല. എന്തു മാറ്റം വരുത്തണമെന്നു് ആലോചിക്കുന്നില്ല. നടന്ന പാട്ടിൽ തെളിക്കുന്ന മട്ടാണു് ഇവിടെ. ഇതു് അപകടമാണു്. ഗ്രാന്റു് കിട്ടുന്നതുകൊണ്ടു് ഇപ്പോഴെന്നും ആലോചിക്കേണ്ടായെന്നു് വയ്ക്കുന്നതു് യുക്തമല്ല, ഇതിലെല്ലാം കുറെ ബുദ്ധി ഉപയോഗിച്ചേ പറ്റൂ. പിന്നെ കുറച്ചു വിവരം വേണം. ഇത്തിരി പാകത വേണം. ഉത്സാഹവും ഉണ്ടാകണം. ഇന്നത്തെ പോക്കു് വലിയ അപകടത്തിലേക്കാണു് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. അതുകൊണ്ടു് ഇവാലുവേഷൻ നടത്താനുള്ള ഏർപ്പാടുണ്ടാക്കുക. ഉണ്ടാക്കിയേ പറ്റൂ. പഞ്ചവത്സരപദ്ധതിയുടെ ഭാഗമായ ഇവാലുവേഷൻ ഈ സ്റ്റേറ്റിൽ ഉടനടി ഏർപ്പെടുത്തിയേ മതിയാകൂ. പ്ലാനിംഗ് ബോർഡിന്റെ രൂപവൽക്കരണത്തിനു് ഇനി ഒട്ടും താമസിപ്പിച്ചുകൂടാ. നാലാം പഞ്ചവത്സരപദ്ധതിയുടെ കരടു നിർദ്ദേശങ്ങളും തയാറാക്കുന്ന പ്രവൃത്തി ജാഗ്രതയിൽ തുടങ്ങാൻ വൈകിയിരിക്കുകയാണു്, എൻ. ഇ. എസ്സു്. ബ്ലോക്കുകളുടെ പ്രവർത്തനത്തെക്കുറിച്ചു് ഇവാലുവേഷൻ നടത്തുന്നതു് ഈ ഘട്ടത്തിൽ ഒഴിച്ചുകൂടാത്തതാണെന്നു് ഒരിക്കൽകൂടി ഉന്നിപ്പറഞ്ഞുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ദാമോദര മേനോൻ: സർ, ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ചുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ച സൂക്ഷ്മപരമായ നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. അതിൽ ഞാൻ അവരോടു നന്ദിയുള്ളവനാണു്. നമ്മുടെ രാജ്യത്തു് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

ഏറ്റവും പ്രോഗ്രാം നടപ്പിൽ വരുത്തിയതു് ഒരു ആം ഇൻഡ്യാ പാറേറണിന്റെ അടിസ്ഥാനത്തിലാണു്. ആ പാറേറണിൽതന്നെ ഭേദഗതികളും വരുത്തേണ്ടതാണെന്നും, അതിൽ പോരായ്മകളുണ്ടെന്നും ഉള്ള അഭിപ്രായങ്ങളും പല സ്ഥലങ്ങളിൽനിന്നും കേന്ദ്രഗവർമെന്റിൽനിന്നുംപൊന്തിവന്നിട്ടുണ്ടു്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നിലവിലുള്ള പാറേണ് അനുസരിച്ചു് ഈ പ്രോഗ്രാം നടപ്പിൽ വരുത്തിയാൽത്തന്നെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കുറെയെല്ലാം വിജയിച്ചിട്ടുണ്ടെന്നേ പറയുന്നതിൽ തെറ്റുണ്ടെന്നു് തോന്നുന്നില്ല. ഇതിൽ പല പോരായ്മകളുമുണ്ടെന്നു് ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും സൂചിപ്പിക്കുകയുണ്ടായി. ഇവിടെ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റു് എന്നു പറയുമ്പോഴും സമഗ്രമായ വികസനം എന്നാണു് അർത്ഥം. ഒരു ഡവലപ്പ്മെന്റു് ബ്ലോക്കിലുള്ള ആളുകളുടെ ജീവിതത്തിന്റെ നാനാഭാഗങ്ങളെയും ഒരുപോലെ സ്പർശിക്കുന്ന കാര്യങ്ങളും വിഭാവനം ചെയ്യുന്നു. അങ്ങനെ വരുമ്പോഴും പല ഡിപ്പാർട്ടുമെന്റുകളും ഒന്നിച്ചു് പ്രവർത്തിക്കേണ്ടതായിട്ടുണ്ടു്. അപ്പോഴും ആകെ ഒരു കോ ഓർഡിനേഷൻ വേണം. അതിന്റെ നടത്തിപ്പിൽ അങ്ങും ഇങ്ങും പന്തികേടു വരുമെന്നുള്ളതു് സ്വാഭാവികമാണു്. അങ്ങനെ വരുമ്പോഴും എല്ലാവരുംകൂടി അതില്ലാതാക്കി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയാൽ മാത്രമേ വിജയിക്കുകയുള്ളൂ. ശ്രീ. അനിരുദ്ധൻ ഇവിടെ പറയുകയുണ്ടായി. ചില ജീപ്പുകൾമാത്രം അവിടെ ഓടിക്കുകയാണെന്നു്. അതു് ശരിയല്ല. ഭക്ഷ്യോൽപ്പാദനരംഗത്തു് വർദ്ധനവുണ്ടായതിനെ സംബന്ധിച്ചിടത്തോളം ഈ രംഗത്തു് പുരോഗതി ഉണ്ടായിട്ടുണ്ടെന്നു് സമ്മതിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഈ അടിയന്തിര ഘട്ടത്തിൽ തീർച്ചയായും ഭക്ഷ്യോൽപ്പാദനം ആയിരിക്കണം ഏറ്റവും പ്രധാനമായിട്ടുള്ളതു്. അതു് ബ്ലോക്കു ലവലിൽ കൊണ്ടുവരേണ്ട ഒന്നുതന്നെയാണു്. ഈ രംഗത്തു് കുറെയെല്ലാം പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടു്. കാർഷികരംഗത്തു് നാം ഉദ്ദേശിക്കുന്ന വിധത്തിലുള്ള പ്രവർത്തനം നടത്തണമെങ്കിൽ പ്രധാനമായി വേണ്ടതു് കോ—ഓർഡിനേഷൻ ആണു്. ഇവിടെ ഫിസിക്കൽ ടാർജറിനെ സംബന്ധിച്ചിടത്തോളം എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട മെമ്പറന്മാർ സംശയിക്കുകയുണ്ടായി. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റു രംഗത്തു് പുരോഗതിയുണ്ടാകണമെങ്കിൽ പ്രധാനമായി രണ്ടു കാരണങ്ങളാണു വേണ്ടതു്. ഒന്നു് കോ—ഓർഡിനേഷൻ വേണം. രണ്ടാമത്തേതു് ആവശ്യമായ തുകകൂടി കിട്ടണം. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഇതിലേക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതു് 805 ലക്ഷം രൂപയാണു്. അതിൽ ഈ സാമ്പത്തിക വർഷത്തിൽ 140 ലക്ഷം രൂപയാണു് ചെലവഴിച്ചിട്ടുള്ളതു്. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ നീക്കിവച്ചിട്ടുള്ളതിൽ ഇതുവരെയായി അറുപതു ശതമാനത്തോളം ചെലവാക്കിയിട്ടുണ്ടു്. ബാക്കി മുഴുവനും ചെലവാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. പലവിധത്തിലും റീ വാല്വേഷൻ ആവശ്യമാണെന്നു പറയുന്നതിന്റെ ആവശ്യമെന്താണു് എന്നു മനസ്സിലാകുന്നില്ല. ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യയെപ്പറ്റി ഇവിടെ പലരും പറയുകയുണ്ടായി. അതിൽ കുറവുണ്ടെന്നു പറയുകയുണ്ടായി. അതു് ശരിയാണു്. കാരണം ഫസ്റ്റു സ്റ്റേജിലേയ്ക്കു് ഒരു ലക്ഷത്തിപതിനാലായിരം രൂപയാണു് നീക്കിവച്ചിട്ടുള്ളതു്. സെക്കന്റു് സ്റ്റേജിൽ 50,000 രൂപയാണു് നീക്കിവച്ചിരിക്കുന്നതു്. അങ്ങനെ ഒരു ലക്ഷത്തി അറുപത്തിനാലായിരം രൂപയാണു് (1,64,000 രൂ.) ബ്ലോക്കു ഡവലപ്പ്മെന്റിൽ ഇൻഡസ്ട്രീസു് വിഭാഗത്തിനുവേണ്ടി ചെലവഴിക്കാൻ വകയിരുത്തിയിട്ടുള്ളതു്.

ബ്ലാക്കു്സ്മിത്തു് കോവാപ്പറേറീവു് സൊസൈറ്റികളും പോലുള്ള വില്ലേജു് ഇൻഡസ്ട്രീസു് സ്ഥാപിച്ചു പ്രവർത്തനം നടത്തുന്നതിനുവേണ്ടിയാണു് ഈ തുക വിനിയോഗിക്കുന്നതു്. കോവാപ്പറേറീവു് സൊസൈറ്റികളും സ്ഥാപിച്ചു പ്രവർത്തിക്കുന്നതിൽ ഞാൻതന്നെ നേരിട്ടു പരിശോധിച്ചതിന്റെ ഫലമായിട്ടു് എനിക്കു ബോദ്ധ്യമായിട്ടുള്ളതു്, ഇരുമ്പു പണിക്കാരുടെ അതായതു കൊല്ലന്മാരുടെ കോവാപ്പറേറീവു് സൊസൈറ്റികളും സ്ഥാപിച്ചു് ഗ്രാന്റും ലോണുമൊക്കെ കൊടുത്തു പ്രവർത്തിക്കാൻ തുടങ്ങിയിട്ടുള്ളതുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും ഉദ്ദേശിച്ച വിധത്തിൽ വിജയിച്ചിട്ടില്ലെന്നാണു്. അതിനുള്ള കാരണമെന്താണെന്നു പരിശോധിച്ചാൽ ഈ സഹകരണസംഘങ്ങളിലെ രംഗമെന്നുള്ള നിലയിൽ ഉണ്ടാക്കാൻ കഴിയുന്നതിനേക്കാൾ അധികം ആദായം ഒരു നല്ല കൊല്ലൻ എന്നുള്ള നിലയിൽ പണിയെടുത്താൽ അവർക്കു കിട്ടുമെന്നുള്ളതാണു്. ഇങ്ങനെയുള്ള പ്രയാസങ്ങളുണ്ടു്. ഈ സഹകരണ സംഘങ്ങളുടെ പാറേണിൽ എന്തെങ്കിലും വ്യത്യാസം വരുത്തണമോ, എങ്ങനെയാണു് വില്ലേജു് ഇൻഡസ്ട്രീസു പ്രോഗ്രാം ബ്ലാക്കുകളിൽ നടപ്പിൽ വരുത്തേണ്ടതു്, ഇന്നുള്ള സംപ്രദായത്തിൽ വല്ല വ്യത്യാസവും വരുത്തണമോ എന്നുള്ള കാര്യങ്ങളൊക്കെ ഒന്നു പുനഃപരിശോധിക്കേണ്ടതു് വളരെ ആവശ്യമാണു്. അതു ഉടനെ നടത്തുകയും ചെയ്യാം. കൂടുതൽ പണം ഈ രംഗത്തു ചെലവാക്കുമ്പോൾ അതുകൊണ്ടു പ്രത്യക്ഷമായി തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാകുന്നുണ്ടോ, ഇതെല്ലാം നല്ല രീതിയിൽ നടക്കുന്നുണ്ടോ എന്നുള്ള കാര്യങ്ങളെല്ലാം പരിശോധിക്കേണ്ടതു് ആവശ്യമാണു്.

പിന്നെ റൂറൽ ഇൻഡസ്ട്രീസിന്റെ കാര്യം പറഞ്ഞു. അടുത്തകൊല്ലത്തിൽ കോഴിക്കോടും ആലപ്പുഴയും അതു നടത്താൻ ശ്രമിക്കുന്നുണ്ടു്. അതു ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമോ, അതിനു വല്ല ഭേദഗതിയും വരുത്തണമോ, ഏതെല്ലാം വിധത്തിലുള്ള വ്യത്യാസങ്ങളാണു് വരുത്തേണ്ടതു് എന്നുള്ള കാര്യങ്ങളെല്ലാം ഗവണ്മെന്റു് ഒന്നുകൂടി പരിശോധിക്കാനാണു് തീർച്ചപ്പെടുത്തിയിരിക്കുന്നതു്. ഖാദിബോർഡിന്റെ പരിധിയിൽപ്പെടുന്ന വില്ലേജു് ഇൻഡസ്ട്രീസുമാതിരി നടത്താൻ ഈ പണം ഉപയോഗപ്പെടുത്തണമോ അതോ ഫാക്ടറി രീതിയിലുള്ള മെക്കനൈസ്ഡ് സ്മാരം ഇൻഡസ്ട്രിയൽ യൂണിറ്റുമാതിരി നടത്തണമോ എന്നുള്ള കാര്യം ഗവണ്മെന്റു പുനഃപരിശോധന ചെയ്യുന്നതാണു്.

പിന്നെ ഇവിടെ പറഞ്ഞതു് ബ്ലാക്കു് ഡവലപ്പുമെന്റു പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിഷമങ്ങളാണു്. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ എല്ലാ ബ്ലാക്കുകാരംക്കും ആഫീസു് കെട്ടിടം സ്വന്തമായി നിർമ്മിക്കാൻ സൗകര്യമില്ല. സ്റ്റേജു് (1) ബ്ലാക്കുകാരം ആ സ്റ്റേജു് കഴിയുന്നതിനു് മുൻപുതന്നെ അതിനുവേണ്ടി നീക്കിവച്ചിരിക്കുന്ന പണം ചെലവാക്കണമെന്നു നിർബന്ധമുണ്ടു്. അതിനു വകയിരുത്തിട്ടുള്ളതുതന്നെ വളരെ തുച്ഛമായ സംഖ്യയാണു്. എല്ലാ ബ്ലാക്കു കാരംക്കും സ്വന്തമായി കെട്ടിടമുണ്ടാക്കാൻ പണം വകയിരുത്തിയിട്ടില്ല. ആറോ ഏഴോ ബ്ലോക്കുകാരംക്കു് കെട്ടിടം നിർമ്മിക്കാൻ മാത്രമേ ഈ കൊല്ലത്തിൽ കഴിയുകയുള്ളു. സ്റ്റേജു് (1) ബ്ലോക്കുകാരംക്കു് അതു അവസാനിക്കുന്നതിനു് മുൻപു് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞില്ലെങ്കിൽ രണ്ടുകൊല്ലംകൂടി കൂട്ടികൊടുത്തു് കെട്ടിടം നിർമ്മിക്കാൻ കഴിവതും ശ്രമിക്കുന്നതാണു്. കഴിവതും ശ്രമിക്കാമെന്നേ ഞാൻപറഞ്ഞുള്ളു. എത്രമാത്രം അതിനുവേണ്ടി കഴിയുമെന്നുള്ളതു തുകയെ ആശ്രയിച്ചാണിരിക്കുന്നതു്. ആ വസ്തുത ബഹുമാനപ്പെട്ട മെമ്പറന്മാർ ശ്രദ്ധിക്കണം. എല്ലാ ബ്ലാക്കുകാരംക്കും സ്വന്തമായി കെട്ടിടം ഉണ്ടാക്കേണ്ടതാണു്. ശ്രീ. അനിരുദ്ധർ ചൂണ്ടിക്കാണിച്ചപോലെ പൊതുജനസഹകരണത്തിന്റെ ഫലമായി സ്ഥലം വിട്ടുകൊടുത്തിട്ടു് അവിടെ കെട്ടിടം ഉണ്ടാകാതിരിക്കുക എന്നുള്ളതു് തീർച്ചയായും ശരിയല്ല. അങ്ങനെ വരുമ്പോൾ പൊതുജനങ്ങൾക്കു് നിരാശയാണു് ഉണ്ടാകുന്നതു്. ഇതിനുള്ള ഒരു ബുദ്ധിമുട്ടു് വേണ്ടിടത്തോളം പണമില്ല എന്നുള്ളതാണു്. ഈ പരിധിയിൽനിന്നുകൊണ്ടു് ഈ പ്രശ്നം പരിഹരിക്കുന്നതിനു് ഞാൻ ശ്രമിക്കുകയാണു്. മിസ്റ്റർ നാരായണൻ നമ്പ്യാർ പറഞ്ഞു, വ്യവസായമന്ത്രി ബ്ലാക്കു് ഡവലപ്പുമെന്റിന്റെ കാര്യത്തിലും പഞ്ചായത്തിന്റെ കാര്യത്തിലും വേണ്ടപോലെ ശ്രദ്ധപതിപ്പിക്കുന്നില്ലെന്നു്. സർ, അതു ശരിയല്ല. ഞാൻ കാര്യമായി ഇതൊക്കെ പരിശോധിച്ചു് കഴിഞ്ഞ ഒരു കൊല്ലക്കാലമായി ഈ രംഗത്തു് എന്തെല്ലാം പരിഷ്കാരങ്ങളാം വരുത്താൻ കഴിയുമെന്നുള്ളതിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയാണു്. ആ കാര്യങ്ങളിൽ ശ്രദ്ധകുറവൊന്നും വരികയില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ ബ്ലാക്കുകളിൽ ജോലിയില്ലാത്തതുകൊണ്ടു് അവിടെ നിന്നു കുറെ ഉദ്യോഗസ്ഥന്മാരെ കുറയ്ക്കണമെന്നുള്ള കാര്യം ഞാൻ ഈ നിയമസഭയിൽ പലപ്പോഴും പറഞ്ഞിട്ടുണ്ടു്. അതേപ്പറ്റി പ്രത്യേകമായ അന്വേഷണം നടത്തി കുറയ്ക്കുന്നതിനു് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : അത്യാവശ്യമുള്ള സംഗതികൾ നമ്മുടെ പൊതുജനപ്രതിനിധികളുടെ കൂടെ സഹകരണത്തോടുകൂടി ചെയ്യാൻ കഴിയുമെന്നു വിചാരിച്ചാണു് ഈ പഞ്ചായത്തു് യൂണിയൻ കൗൺസിലിൽ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഈ ബിൽ നിയമമായി നടപ്പിൽ വരുമ്പോഴും ഓരോ ബ്ലോക്കിലും അതിനുള്ള സാഹചര്യം ഉണ്ടാകുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്. ബ്ലോക്കുകളിലെ മൂന്നു സ്റ്റേജു് കഴിഞ്ഞാൽ അതിലുള്ള ഉദ്യോഗസ്ഥന്മാരെ എന്തു ചെയ്യാൻ പോകുന്നു എന്നു ഇവിടെ ചോദിക്കേയുണ്ടായി. അതിനും ഒരു സമാധാനം കണ്ടുപിടിക്കേണ്ടതുണ്ടു്. നാം ഇവിടെ പഞ്ചായത്തു് യൂണിയൻ കൗൺസിൽ ബിൽ പാസ്സാക്കാൻ പോകുകയാണു്. അതു പാസ്സായി നടപ്പിൽ വന്നുകഴിഞ്ഞതിനുശേഷം പൊതുജനപ്രധിനിധികളുമായി ബ്ലാക്കിൻറെ വികസനത്തെപ്പറ്റിയുമൊക്കെ ആലോചിച്ചു് വേണ്ട നടപടികളും സ്വീകരിക്കാം. ഇതിലുള്ള ഉദ്യോഗസ്ഥന്മാരെ മറ്റു ഇടങ്ങളിലേക്കു് നിയമിക്കാൻ ഗവണ്മെൻറു് പരിശ്രമിക്കുന്നതാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ഇതുവരെയുള്ള പ്രവർത്തനത്തെ സംബന്ധിച്ചു് ഇനി അങ്ങോട്ടു് പോകാൻ സഹായകമാകത്തക്കവിധത്തിൽ ഒരു ഇവാലുവേഷൻ നടത്തണം. അതേ സംബന്ധിച്ചു് ഗവണ്മെൻറിൻറെ അഭിപ്രായമെന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതേപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോടു് എനിക്കു് യോജിപ്പാണുള്ളതു്. എതിരഭിപ്രായമൊന്നുമില്ല. പിന്നെ ശ്രീ. അനിരുദ്ധൻ ബഹുജനങ്ങളുടെ സഹകരണം സമ്പാദിക്കണമെന്നു പറയുകയുണ്ടായി. സർ, ഇതേപ്പറ്റി മുൻപു ആക്ഷേപം വന്നിട്ടുള്ളതാണു്. ഇപ്പോഴും നാട്ടുകാരുടെ സഹകരണത്തോടുകൂടിയുള്ള പ്രോഗ്രാമാണു് ഉണ്ടാക്കിയിട്ടുള്ളതു്. ഈ കൊല്ലം പുതിയ പഞ്ചായത്തുകളും നിലവിൽവന്നു. അതോടൊപ്പംതന്നെ നാം വില്ലേജു് വാളൻറിയർ സേന ഉണ്ടാക്കുന്നതിനുള്ള പരിപാടി സ്വീകരിച്ചു. ലേബർ ബാങ്കു് ഉണ്ടാക്കി അവരുടെ ഒരു ദിവസത്തെ പ്രയത്നശക്തി ലേബർ ബാങ്കിലേക്കു സംഭാവന ചെയ്തിട്ടുണ്ടു്. ഗ്രാമങ്ങളുടെ വികസനത്തിനുവേണ്ടി ഈ പ്രയത്നശക്തി ഉപയോഗിക്കുകയാണു് ചെയ്യുന്നതു്. ഇപ്പോൾതന്നെ ഏതാണ്ടു രണ്ടു ലക്ഷത്തോളം ആളുകൾ വില്ലേജു് വാളൻറിയർ സേനയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ടു്. ഏതാണ്ടു ഒരു ലക്ഷത്തി അൻപതിനായിരം രൂപ വില കണക്കാക്കുന്ന പ്രയത്നശക്തി സംഭാവനയായി അവരിൽനിന്നു ലഭിച്ചിട്ടുണ്ടു്. ഇതൊക്കെ കാണിക്കുന്നതു ഈ രംഗത്തു് പുതിയതായി ബഹുജനസഹകരണത്തിൻറെ അന്തരീക്ഷം വന്നുചേർന്നിട്ടുണ്ടു് എന്നുള്ളതാണു്. അതു വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തേണ്ടതു് വളരെ ആവശ്യമാണു്. അതു ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ടു്. റോഡുണ്ടാക്കുക, മെയിൻറനൻസു് നടത്തുക, മണ്ണൊലിപ്പു തടയുക മുതലായ പ്രവർത്തികളും ഈ സേന ചെയ്യുന്നുണ്ടു്. ഇന്നു ലോക്കൽ ഡവലപ്പുമെൻറു വർക്കുകൾക്കു് മെയിൻറനൻസു ചെയ്യാത്തതുകൊണ്ടു പോരായ്മയുണ്ടു്. മെയിൻറനൻസു ചെയ്യുന്നതിനുവേണ്ടിയുള്ള പണം ഉണ്ടാക്കേണ്ട ആ രംഗത്തേക്കു് ഇവരെ ഉപയോഗിക്കാൻ കഴിയുമോ എന്നുള്ളതു് തീർച്ചയായും അന്വേഷിച്ചു തീരുമാനം എടുക്കേണ്ട ഒരു കാര്യമാണു്. അങ്ങനെയുള്ള പരിപാടികളും ആവിഷ്കരിക്കുക എന്നതിൽ കൂടിയല്ലാതെ ബഹുജനസഹകരണം സംഭരിക്കാൻ സാദ്ധ്യമല്ല.

ഇവിടെ ആദ്യം സംസാരിച്ച മാന്യ സ്നേഹിതൻ കൃഷ്ണൻ അട്ടപ്പാടി ടൈബൽ ബ്ലാക്കിനെപ്പറ്റി പറയുകയുണ്ടായി. ആ കാര്യം സൂചിപ്പിച്ചുകൊണ്ടുതന്നെ ശ്രീ. ഇ. പി. ഗോപാലൻ ഈ ദേഹത്തിൻറെ സ്വതസിദ്ധമായ കുത്തുഭാഷയിൽ ഒന്നു രണ്ടു വാചകം പറയുകയുണ്ടായി. അട്ടപ്പാടി ടൈബൽ ബ്ലാക്കു് 1-4-1962-ലാണു് തുടങ്ങിയതു്. ഒരു കൊല്ലത്തെ പ്രവർത്തനം കഴിഞ്ഞിട്ടു് ഇപ്പോൾ രണ്ടാമത്തെ കൊല്ലത്തിലേക്കു് കടന്നിരിക്കുകയാണു്. അതിൻറെ വിമർശനത്തിൽ പ്രധാനമായി ഉണ്ടായതു് മുക്കാളി ഡവലപ്പുമെൻറു സ്കീമിനെപ്പറ്റിയായിരുന്നു. ആ ഡവലപ്പുമെൻറു സ്കീം വാസ്തവത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി. ഗോപാലൻ പറഞ്ഞ സംഗതി അതിൽപ്പെടുന്നതാണു്. 3 ലക്ഷം രൂപ വച്ചിരുന്നതിൽ രണ്ടു ലക്ഷം രൂപ ബ്ലാക്കു് ഡവലപ്പുമെന്റു പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കി കഴിഞ്ഞിട്ടുണ്ടു്. ഈ മൂന്നു ലക്ഷം രൂപയും ചെലവാക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അവിടെയുള്ള പ്രയാസങ്ങൾ പറഞ്ഞതു് ബ്ലാക്കു് ഡവലപ്പുമെൻറാഫീസർക്കു് താമസിക്കാൻ സൗകര്യമില്ല, പല പ്രയാസങ്ങളുമുണ്ടു്, ഗ്രാമസേവകർക്കു് താമസിക്കാൻ സൗകര്യമില്ല ഇതൊക്കെയാണു്. അതു കുറെയൊക്കെ പരമാർത്ഥമാണു്. അവിടെ ഒരു ബ്ലാക്കു് അഡ്വൈസറി കമ്മിറ്റിയുണ്ടെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. കളക്ടറാണു് അതിന്റെ ചെയർമാൻ. ഈ കാര്യങ്ങളൊക്കെ അവിടെ ചർച്ച ചെയ്യേണ്ട നിർദ്ദേശങ്ങളും ഗവണ്മെന്റിനു തന്നാൽ ആ കാര്യം ഗവണ്മെന്റു പരിശോധിക്കാം.

ശ്രീ. കെ. കൃഷ്ണൻ : മലേറിയാ ഇറാഡിക്കേഷന്റെ വക കുറേ ബിൽ ഡിംഗ്സ് അവിടെയുണ്ടു്. അതു കൊടുക്കുന്നതിനു വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതൊരു നിർദ്ദേശമാണു്. അഡ്വൈസറി കമ്മിറ്റി വേണ്ട നിർദ്ദേശം വയ്ക്കട്ടെ. അപ്പോഴും പരിഗണിക്കാം. ബ്ലാക്കു് അഡ്വൈസറി കമ്മിറ്റി അവിടത്തെ പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങളും വയ്ക്കുകയാണെങ്കിൽ ഗവണ്മെന്റു വളരെ അനുഭാവത്തോടുകൂടി പരിശോധിക്കാമെന്നുമാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു. സർ, ബ്ലാക്കു് ഡവലപ്പ്മെന്റു് പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം എനിക്കു് പലതും പറയുവാനുണ്ടു്. പക്ഷേ സമയമില്ലാത്തതുകൊണ്ടു് ഞാൻ അതേപ്പറ്റി കൂടുതലായി ഒന്നും പറയുന്നില്ല. അതേക്കുറിച്ചു് രണ്ടു വാക്കു മാത്രമേ പറയുന്നുള്ളു. ആ കാര്യത്തെക്കുറിച്ചു അര മണിക്കൂർ പറയുവാനുള്ള മാറ്റർ എന്റെ കയ്യിലുണ്ടു്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇവിടെ വളരെക്കാലമായി പൊതുജനപ്രതിനിധികളില്ലാതെ അല്ലെങ്കിൽ തിരഞ്ഞെടുപ്പു നടക്കാതെ കഴിഞ്ഞുകൂടുകയായിരുന്നു. ഇപ്പോഴാ തിരഞ്ഞെടുപ്പു നടത്തി. ഒരു പുതിയ പരീക്ഷണമെന്നുള്ള നിലയിൽ, അതു വിജയിച്ചോ ഇല്ലയോ എന്നുള്ള നിലയിലല്ല ഞാൻ പറയുന്നതു്, കക്ഷിരഹിതമായ നിലയിൽ തിരഞ്ഞെടുപ്പു നടത്തി 922 പഞ്ചായത്തുകളാണു് നിലവിൽ വന്നു. ഈ പഞ്ചായത്തുകളുടെ പ്രവർത്തനം ആരോഗ്യപരമായി മുന്നോട്ടു പോകണമെന്നുണ്ടെങ്കിൽ വേണ്ടിടത്തോളം പണം അവയ്ക്കു് കിട്ടണമെന്നുള്ള കാര്യത്തിൽ, അല്ലെങ്കിൽ അവയുടെ ധനാഗമ മാർഗ്ഗങ്ങളാ വിജയിപ്പിക്കണമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ലല്ലോ. പുതിയ പഞ്ചായത്തുകൾക്കു് അവയുടെ നികുതിയുടെ ഫലമായി ഏതാണ്ടു 90 ലക്ഷം രൂപ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. ഗവണ്മെൻറിൽനിന്നു് ലോണും ഗ്രാൻറും കൊടുക്കുന്നതിനുവേണ്ടി ഇപ്പോഴാ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു് 40 ലക്ഷം രൂപ മാത്രമാണു്. അതു് തീരെ അപര്യാപ്തമാണു്, അതുകൊണ്ടു് അവയുടെ പ്രവർത്തനം നടത്താൻ പ്രയാസമുണ്ടെന്നുള്ള കാര്യവും ഞാൻ സമ്മതിക്കുന്നു. പക്ഷേ ഞാൻ ആദ്യം പറഞ്ഞതുപോലെ അസൂയാവഹമായ സാഹചര്യമാണു് ഇന്നു നിലനിൽക്കുന്നതു്. പഞ്ചായത്തു് ആക്ടനുസരിച്ചു് ബേസിക് ടാക്സിൽനിന്നാണു് പഞ്ചായത്തുകൾക്കു് പണം കിട്ടുന്നതു്. ബേസിക്കു് ടാക്സു് നിയമത്തിന്റെ സ്ഥിതി ഇന്നു എന്താണു്? അതു ഹൈക്കോടതി ദുർബലപ്പെടുത്തിയിരിക്കുകയാണു്. അതുകൊണ്ടു് ഈ രംഗത്തു് ധനാഗമം കുറഞ്ഞുപോയി. ഇപ്പോഴാ കൊടുക്കുന്ന തുക കഴിഞ്ഞ കൊല്ലത്തിൽ വേണ്ടുവോളം വിതരണം ചെയ്തിട്ടില്ല. ഇപ്പോഴാ ബ്ലാക്കിനും മറ്റുമായി 15 ലക്ഷത്തോളം രൂപ കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. ഉള്ള തുക ഉടനെതന്നെ, ഈ സാമ്പത്തിക വർഷത്തിൽതന്നെ കൊടുക്കാൻ വേണ്ട ഏർപ്പാടു ചെയ്യുന്നുണ്ടു്. ഉള്ള പണം നീതിപൂർവ്വകമായി കഴിയുന്നതും വേഗത്തിൽ വിതരണം ചെയ്യുന്നതിനുള്ള ശ്രമം ഗവണ്മെൻറു നടത്തുന്നതാണു്. പക്ഷേ പഞ്ചായത്തുകളുടെ ധനാഗമ മാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള അതിപ്രധാനമായ പ്രശ്നങ്ങൾക്കു് തൃപ്തികരമായ ഒരു സമാധാനം കണ്ടെത്തുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വളരെ നല്ല രീതിയിൽ നടത്തുക, പൊതുജന സേവനം നടത്തുക എന്നുള്ള നമ്മുടെ ലക്ഷ്യം പൂർണ്ണമായി വിജയത്തിൽ വരുകയില്ലെന്നുള്ള വസ്തുത ഞാൻ സമ്മതിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : മൂന്നാം പദ്ധതിയിൽ പഞ്ചായത്തുകൾക്ക് ലോൺ കൊടുക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 16 ലക്ഷം രൂപയേ കൊടുത്തിട്ടുള്ളു എന്നു പറയുന്നതു ശരിയാണോ ? മൂന്നാം പദ്ധതി അവസാനിക്കുന്നതിനു മുൻപുതന്നെ മുഴുവൻ സംഖ്യയും കൊടുക്കുവാൻ കഴിയുമെന്നു ഗവണ്മെന്റു വിശ്വസിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതു് ഓരോ ബഡ്ജറിലും പദ്ധതികൾക്കുകൂടി ഇത്രയെന്നു കണക്കു് വച്ചിട്ടേയുള്ളു. ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറിൽ ഈ ഇനത്തിൽ ഇത്ര ചെലവാക്കുമെന്നു പൊതുവിലുള്ള സാമ്പത്തികസ്ഥിതിവച്ചുകൊണ്ടു് വകയിരുത്തിയിട്ടുണ്ടു്. എന്റെ പ്രതീക്ഷ മുഴുവനും ചെലവാക്കുവാൻ കഴിയുമെന്നാണു്.

ശ്രീ. പി. രവീന്ദ്രൻ : ബ്ലോക്കിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ കോവാപ്പറേറീവു് മൈക്രോ സൈറ്റുകൾ കാര്യക്ഷമമായും ലാഭകരമായും പ്രവർത്തിക്കുന്നില്ലെന്നും അവയുടെ പ്രവർത്തനത്തെ സംബന്ധിച്ചു് പരിശോധിക്കണമെന്നും എസ്റ്റിമേറ്റു് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതേ സംബന്ധിച്ചു ഗവണ്മെന്റിന്റെ നിലപാടു് എന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ ശുപാർശ സ്വീകരിച്ചിട്ടുണ്ടു്. ആ കാര്യത്തെപ്പറ്റി പരിശോധിക്കാം.

Mr. Speaker : Mr. Narayanan Nambiar, do you press your cu motion ?

Shri P. K. Narayanan Nambiar : Yes, I press.

The cut motion moved by Shri P. K. Narayanan Nambiar, was put and lost.

Shri O. Koran : Sir, I demand a poll.

A poll was taken when the House divided as follows :

AYES—43

1. Shri C. Achutha Menon
2. ,, P. C. Adichan
3. Smt. K. O. Aisha Bai
4. Shri M. Alikunju Sastri
5. ,, K. Anirudhan
6. ,, P. Balachandra Menon
7. ,, C. K. Balakrishnan
8. ,, N. E. Balaram
9. ,, K. Bhargavan
10. ,, D. Damodaran Potti
11. ,, E. P. Gopalan
12. ,, N. Gopala Kurup
13. Smt. K. R. Gouri
14. Shri K. V. John
15. ,, Joseph Chazhikattu
15. ,, O. Koran
17. ,, K. Krishnan
18. ,, M. Krishnan
19. ,, R. Krishnan
20. ,, K. Krishna Pillai
21. ,, S. Kumaran
22. ,, P. M. Kunhiraman Nambiar
23. ,, P. V. Kunhunni Nair
24. Shri P. K. Kunjachan
25. ,, P. K. Kunju
26. ,, C. M. Kutty
27. ,, K. Moideenkutty Hajee
28. ,, K. V. Narayanan
29. ,, P. K. Narayanan Nambiar
30. ,, T. C. Narayanan Nambiar
31. ,, P. Narayanan Thampi
32. ,, N. Neelakantaru Pandarathil
33. ,, P. C. Raghavan Nair
34. ,, T. K. Ramakrishnan
35. ,, A. K. Ramankutty
36. ,, P. Ravindran
37. ,, E. M. Sankaran Namboodiripad
38. ,, P. S. Srinivasan
39. ,, R. Sugathan
40. ,, M. M. Sundaram
41. ,, V. P. C. Thangal
42. ,, M. V. Vasu
43. ,, P. Viswambharan

LIBRARY ARCHIVES Kerala Legislative Assembly

NOES—60

1. Shri P. K. Abdulkadir
2. ,, K. C. Abraham
3. ,, M. C. Abraham
4. ,, K. T. Achuthan
5. ,, M. A. Antony
6. ,, K. K. Balakrishnan
7. ,, P. C. Balakrishnan Nambiar
8. ,, R. Balakrishna Pillai
9. ,, T. O. Bava
10. ,, N. Bhaskaran Nair
11. Dr. K. M. Chacko
12. Shri P. Chacko
13. ,, P. C. Cherian
14. ,, K. A. Damodara Menon
15. ,, T. A. Dharmaraja Iyer
16. ,, P. R. Francis
17. ,, K. M. George
18. ,, George Joseph Podippara
19. ,, P. Gopalan
20. ,, M. Gopalankutty Nair
21. ,, Malethu Gopinatha Pillai
22. ,, M. P. Govindan Nair
23. ,, A. L. Jacob
24. ,, C. G. Janardhanan
25. ,, P. S. Karthikeyan
26. ,, K.G. Karunakara Menon
27. ,, K. Kochukuttan
28. ,, T. Krishnan
29. ,, P. R. Krishnan
30. ,, N. S. Krishna Pillai
31. Shri P. Kumaran
32. ,, K. Kunhambu
33. ,, C. Kuhikrishnan Nair
34. ,, M. Kunhikannan Nambiar
35. ,, M. Kunjukrishnan Nadar
36. ,, N. Kunjuraman
37. Smt. Kusumom
38. ,, Leela Damodara Menon
39. Shri P. Madhavan
40. ,, V. Madura
41. ,, M. M. Mathai
42. ,, C. A. Mathew
43. ,, T. Murugesan
44. Smt. A. Nafeesath Beevi
45. Shri M. Narayana Kurup
46. ,, Kuroor Neelakantan Namboodiripad
47. ,, E. P. Poulose
48. ,, R. Raghava Menon
49. ,, A. A. Rahim
50. ,, R. Sankar
51. Smt. O. T. Sarada Krishnan
52. ,, K. R. Sarawathi Amma
53. Shri Shamsuddin
54. ,, C. M. Stephen
55. ,, K. T. Thomas
56. ,, Thomas John
57. ,, T. A. Thomman
58. ,, P. P. Ummerkoya
59. ,, K. R. Vijayan
60. ,, K. K. Viswanathan

Mr. Speaker : Those in favour of the cut motion—43

Against the motion—60

Neutrals—Nil

The cut motion is lost

Mr. Speaker : Mr. E. P. Gopalan, do you press your cut motion

Shri E. P. Gopalan : Yes, I press.

The cut motion moved by Shri E. P. Gopalan, was put and lost.

The cut motion of Shri Moideenkutty Haji was put and lost.

The question that Government be granted a sum of Rs. 53,49,700 under Demand XXIV Rural Development, was put and carried.

The grant was made.

Mr. Speaker : Mr. Moideenkutty Haji, do you press your cut motion ?

LIBRARY ARCHIVES Kerala Legislative Assembly

Shri K. Moideenkutty Haji : Yes, I press.

The cut motion moved by Shri K. Moideenkutty Haji, was put and lost.

Mr. Speaker : Mr. Ravindran, do you press your cut motion.

Shri P. Ravindran : Yes, I press.

The cut motion No. 6 moved by Shri P. Ravindran, was put and lost.

The question that Government be granted a sum of Rs. 2,63,28,200 under Demand XXVIII–Community Development Projects, National Extension Service and Local Development Works, was put and carried.

The grant was made.

Mr. Speaker : Order, order. Now we will adjourn to meet again at 8 a. m. on Friday, the 20th March, 1964.

The House adjourned at 1·05 p. m. to meet again at 8 a. m. on Friday, the 20th March, 1964.

LIBRARY ARCHIVES Kerala Legislative Assembly